# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ നടന്ന കുറ്റകൃത്യങ്ങൾ

7805 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ നടന്ന കുറ്റകൃത്യങ്ങൾ എത്രയെന്ന് വ്യക്തമാക്കാമോ ;

(ബി) നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോ കണക്ക് പ്രകാരം ഐ.പി.സി. പരിധിയിൽ വരുന്ന കുറ്റകൃത്യങ്ങളിൽ കേരളത്തിന് എത്രാമത്തെ സ്ഥാനമാണുള്ളത് ; കുറ്റകൃത്യങ്ങളുടെ നിരക്ക് വ്യക്തമാക്കാമോ ;

(സി) കഴിഞ്ഞ ഒരു വർഷത്തെ മോഷണം, സ്ത്രീപീഢനം, തട്ടിക്കൊണ്ടുപോകൽ എന്നിങ്ങനെയുള്ള കേസുകളുടെ കണക്ക് ജില്ല തിരിച്ച് വ്യക്തമാക്കാമോ; ഇവ ഓരോന്നിലും ഏറ്റവും കൂടുതൽ കേസുകൾ രജിസ്റ്റർ ചെയ്ത പോലീസ് സ്റ്റേഷനുകൾ ഏതെല്ലാം ;

(ഡി) ഈ സർക്കാരിന്റെ കാലത്ത് റിപ്പോർട്ട് ചെയ്യപ്പെട്ട ലോക്കപ്പ് മർദ്ദനങ്ങൾ എത്ര ; ഏതെല്ലാം സ്റ്റേഷനുകളിൽ ; അതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ റിപ്പോർട്ട്</u>

7806 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൻ.സി.ആർ.ബി.യുടെ പുതിയ റിപ്പോർട്ട് പരിശോധിച്ചിട്ടുണ്ടോ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഈ റിപ്പോർട്ടിൽ കുറ്റകൃത്യങ്ങളുടെ കാര്യത്തിൽ കേരളം ഒന്നാം സ്ഥാനത്താണെന്ന് വെളിപ്പെടുത്തിയിട്ടുണ്ടോ;

(സി) ദേശീയ തലത്തിൽ ഏറ്റവും സുരക്ഷിതത്വം കുറഞ്ഞ നഗരം കൊച്ചിയാണെന്ന് ഈ റിപ്പോർട്ടിൽ വെളിപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>സി. ബി. ഐ. മാതൃകയിൽ സംസ്ഥാനതല ഏജൻസി</u>

7807 ശ്രീ. സി. ദിവാകരൻ
,, ജി. എസ്. ജയലാൽ
ശ്രീമതി ഇ. എസ്. ബിജിമോൾ
ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സി. ബി. ഐ. മാതൃകയിൽ സംസ്ഥാനതല ഏജൻസി രൂപീകരിക്കണമെന്ന ഹൈക്കോടതി നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ നിർദ്ദേശം എന്നത്തേയ്ക്ക് നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്ത് ഇപ്പോൾ സി. ബി. ഐ. അന്വേഷിക്കുന്ന എത്ര കേസ്സുകളുണ്ട്; ഇതിൽ കോടതി ഉത്തരവിൻ പ്രകാരം സി. ബി. ഐ. ഏറ്റെടുത്ത എത്ര കേസ്സുകളുണ്ടെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

<u>സംസ്ഥാനത്ത് പ്രൊഫഷണൽ കമാൻഡോ യൂണിറ്റ്</u>

7808 ശ്രീ. വി. പി. സജീന്ദ്രൻ
,, കെ. അച്ചുതൻ
,, സി. പി. മുഹമ്മദ്
,, ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു പ്രൊഫഷണൽ കമാൻഡോ യൂണിറ്റ് യാഥാർത്ഥ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) കമാൻഡോ യൂണിറ്റിന്റെ ആദ്യ ബാച്ചിന്റെ പരിശീലനം തുടങ്ങിയിട്ടുണ്ടോ;

(സി) പരിശീലനം പൂർത്തിയാക്കി യൂണിറ്റിന്റെ പ്രവർത്തനം എന്ന് തുടങ്ങാനാകും?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>സുപ്രീംകോടതി ജഡ്ജി കൈക്കൂലി വാങ്ങിയ കേസ്</u>

7809 ശ്രീ. ഇ. പി. ജയരാജൻ
,, കെ. ദാസൻ
,, എം. ഹംസ
,, ബാബു. എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സുപ്രീംകോടതി ജഡ്ജി കൈക്കൂലി വാങ്ങുന്നത് നേരിൽ കണ്ടതായി വെളിപ്പെടുത്തിയ ആർക്കെങ്കിലും എതിരെ കേസെടുത്തിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ വെളിപ്പെടുത്തിയത് ആരാണ്; എപ്പോഴാണ്; കേസ് രജിസ്റ്റർ ചെയ്തത് എന്നാണ്;

(സി) കേസ് അന്വേഷണ റിപ്പോർട്ടിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; റിപ്പോർട്ട് കോടതിയിൽ സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>പോലീസ് സ്റ്റേഷനുകളിൽ വോയിസ് റെക്കോർഡിംഗ് സംവിധാനം</u>

7810 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസ് സ്റ്റേഷനുകളിൽ മൊഴികൾ എഴുതി എടുക്കുന്നതിലും പകർത്തി എഴുതുന്നതിലും തെറ്റുകൾ സംഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതു പരിഹരിക്കുന്നതിനായി വോയിസ് റെക്കോഡിംഗ് സംവിധാനം എത്ര സ്റ്റേഷനുകളിൽ നടപ്പിലാക്കിയിട്ടുണ്ട് ;

(സി) എല്ലാ സ്റ്റേഷനുകളിലും പ്രസ്തുത സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 23.07.2012–ലെ മറുപടിക്ക്

**കള്ളനോട്ടുകളുടെ പ്രവാഹ കേന്ദ്രം സംബന്ധിച്ച് അന്വേഷണം**

7811 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കള്ളനോട്ടുകളുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് എടുത്ത കേസുകളിൽ എത്ര പേരെ അറസ്റ്റ് ചെയ്യുകയുണ്ടായി; ഇനിയും അറസ്റ്റ് ചെയ്യാനായി ബാക്കിയുള്ളത് എത്ര ;

(ബി) കള്ളനോട്ടുകളുടെ പ്രവാഹകേന്ദ്രം സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് കള്ളനോട്ട് കൂടുതലായും വിതരണം നടത്തുന്ന ഏജന്റുമാരെ സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; എന്തെങ്കിലും സൂചനകൾ ലഭിച്ചിട്ടുണ്ടോ; അറസ്റ്റുകൾ നടത്തിയിട്ടുണ്ടോ;

(ഡി) ഈ വർഷം ഇതുവരെ എത്ര കോടി രൂപയുടെ കള്ളനോട്ടുകൾ സംസ്ഥാനത്ത് സർക്കുലേറ്റ് ചെയ്യപ്പെട്ടിട്ടുണ്ട്; 2011–ൽ ഇത് എത്രയായിരുന്നു ;

(ഇ) കള്ളനോട്ടുകൾ നിയന്ത്രിക്കുന്നതിന് ഉന്നതതലത്തിൽ ആലോചന നടത്തിയതിന്റെ ഭാഗമായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

# കേരള നിയമസഭ
# 23.07.2012–ലെ മറുപടിക്ക്

<u>കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്നതിനെക്കുറിച്ചുള്ള പഠനം</u>

7812 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുറ്റകൃത്യങ്ങളിൽ സംസ്ഥാനം ദേശീയ ശരാശരിയെക്കാൾ മുന്നിലാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഭവനഭേദനങ്ങളും സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങളും സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നതിനെക്കുറിച്ച് പഠനം നടത്തുന്നുണ്ടോ ; ഉണ്ടെങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ ശാസ്ത്രീയമായ പരിഹാര നടപടികളാണ് സ്വീകരിക്കുവാൻ കഴിയുകയെന്നത് വിശദമാക്കുമോ ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>സ്ത്രീധനം എന്ന സാമൂഹ്യ വിപത്ത്</u>

7813 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്ത്രീധനം എന്ന സാമൂഹ്യ വിപത്തിനെ ഉന്മൂലനം ചെയ്യുന്നതിന് ഈ സർക്കാർ അധികാരമേറ്റ ശേഷം കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; ഇത്തരം വിഷയവുമായി ബന്ധപ്പെട്ട് ഈ സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(ബി) സ്ത്രീധനം വാങ്ങിയതിന്റെ പേരിലും സ്ത്രീധനം ആവശ്യപ്പെട്ടതിന്റെ പേരിലും ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>അന്യസംസ്ഥാന തൊഴിലാളികളുടെ ക്രിമിനൽ പ്രവർത്തനങ്ങൾ</u>

7814 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാന തൊഴിലാളികൾ പ്രതികളായി എത്ര ക്രിമിനൽ കേസ്സുകൾ സംസ്ഥാനത്ത് ഇക്കഴിഞ്ഞ വർഷം രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നുളളത് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് അന്യസംസ്ഥാന തൊഴിലാളികൾ ക്രിമിനൽ സ്വഭാവമുള്ള പ്രവർത്തനങ്ങളിൽ അധികമായി ഏർപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ആയത് നിയന്ത്രിക്കുന്നതിന് എന്തെങ്കിലും പ്രത്യേക നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് നിയന്ത്രിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

## കേസുകളിൽ പുനരന്വേഷണ നടപടികൾ

7815 ശ്രീ. കെ.എൻ.എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പഴയ കൊലക്കേസ്സുകളിൽ ശരിയായ പ്രതികളെയും ഗുഢാലോചന നടത്തിയവരെയും കണ്ടെത്തുന്നതിന് പുതിയ വെളിപ്പെടുത്തലുകളുടെ അടിസ്ഥാനത്തിൽ എത്ര കേസുകളിൽ പുനരന്വേഷണ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) പുതിയ തെളിവുകളുടെയും വെളിപ്പെടുത്തലുകളുടെയും അടിസ്ഥാനത്തിൽ അന്വേഷണത്തിന് കേസ്സുകൾ തെരഞ്ഞെടുക്കുന്നതിനുവേണ്ടി ജുഡിഷ്യൽ കമ്മീഷൻ രൂപീകരിക്കുവാൻ ഉദ്ദേശ്യമുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ ഘടനയും പ്രവർത്തന രീതികളും സംബന്ധിച്ച് വിശദീകരിക്കാമോ ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>നിയോജകമണ്ഡലാടിസ്ഥാനത്തിൽ പോലീസ് സംവിധാനം</u>

7816 ശ്രീ. കെ.എൻ.എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിയോജകമണ്ഡലാടിസ്ഥാനത്തിൽ പോലീസ് സംവിധാനം ക്രമീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഡി.വൈ.എസ്.പി. ഓഫീസുകളും പോലീസ് സർക്കിൾ ഓഫീസുകളും രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

## സ്റ്റുഡന്റ് പോലീസ്

7817 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നല്ല പ്രകടനം കാഴ്ചവയ്ക്കുന്ന സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾക്ക് പോലീസ് വകുപ്പിലെ ഉദ്യോഗങ്ങൾക്ക് മുൻഗണന നൽകുവാൻ നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ;

(ബി) സ്റ്റുഡന്റ് പോലീസ് വിഭാഗം സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും ഡിഗ്രി തലംവരെയുള്ള കോളേജുകളിലും ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

**പോലീസ് സേനയെ ടെക്നോളജി ഡ്രിവണ്‍ പബ്ലിക് സര്‍വ്വീസ് ഡെലിവറി സംവിധാനമാക്കാന്‍ നടപടി**

7818 ശ്രീ. വി. ഡി. സതീശന്‍
,, കെ. മുരളീധരന്‍
,, ലൂഡി ലൂയിസ്
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പോലീസ് സേനയെ ഒരു ടെക്നോളജി ഡ്രിവണ്‍ പബ്ലിക് സര്‍വ്വീസ് ഡെലിവറി സംവിധാനമാക്കി മാറ്റാന്‍ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങള്‍ എന്തെല്ലാമാണ്;

(സി) ഏതെല്ലാം ഏജന്‍സികളുടെ സഹായത്തോടെയാണ് പ്രസ്തുത സംവിധാനം നടപ്പാക്കാനുദ്ദേശിക്കുന്നത്;

(ഡി) പ്രസ്തുത സംവിധാനം നടപ്പാക്കുന്നതിന് എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ലഭിക്കുന്നത് ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>പോലീസ് സേവന നൈപുണ്യത്തിന് അവാർഡുകൾ</u>

7819 ശ്രീ. വി. ഡി. സതീശൻ
'' അൻവർ സാദത്ത്
'' ബെന്നി ബെഹനാൻ
'' ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയിൽ സേവന നൈപുണ്യത്തെ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം കർമ്മപരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ; വിശദമാക്കുമോ ;

(ബി) ഇതിനായി അവാർഡുകൾ ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഏതെല്ലാം തരം അവാർഡുകളാണ് ഏർപ്പെടുത്താനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) പോലീസ് സേനയിലെ ഏതെല്ലാം ജീവനക്കാർക്കാണ് അവാർഡുകൾ നൽകാനുദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

<u>വിസിൽ ബ്ലോവർ പദ്ധതി</u>

7820 ശ്രീ. പാലോട് രവി
,, ഷാഫി പറമ്പിൽ
,, ജോസഫ് വാഴക്കൻ
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിസിൽ ബ്ലോവർ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) അഴിമതിയെക്കുറിച്ച് വിവരം നല്കുന്നവരുടെ സുരക്ഷ ഉറപ്പാക്കാനും പ്രോത്സാഹന സമ്മാനങ്ങൾ നൽകാനും എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ നല്കുമോ;

(സി) പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

<u>കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി</u>
<u>ആധുനികവൽക്കരണം</u>

7821 ശ്രീ. എം.എ. വാഹീദ്
,, പി.എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെമിക്കൽ എക്സാമിനേഴ്സ് ലബോറട്ടറി വകുപ്പ് കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) വകുപ്പിന്റെ കീഴിലുള്ള ലബോറട്ടറികൾ ആധുനികവൽക്കരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ലബോറട്ടറികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താനും ലബോറട്ടറികൾ കമ്പ്യൂട്ടർവൽക്കരിക്കാനും നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

<u>അനധികൃത കേബിൾ ശൃംഖലയുടെ നിയന്ത്രണം</u>

7822 ശ്രീ. ഷാഫി പറമ്പിൽ
,, വി. റ്റി. ബൽറാം
,, ഡൊമനിക് പ്രസന്റേഷൻ
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അനധികൃത കേബിൾ ശൃംഖലയെ നിയന്ത്രിക്കുവാൻ എന്തെല്ലാം സംവിധാനമാണ് ഒരുക്കിയിട്ടുളളത്; വിശദമാക്കുമോ;

(ബി) ഇതിനായി ആന്റി പൈറസി സെൽ ശക്തമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) കേന്ദ്ര സർക്കാർ നടപ്പാക്കിയ കേബിൾ ടെലിവിഷൻ ആക്ടും റൂൾസും കൃത്യമായി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 23.07.2012–ലെ മറുപടിക്ക്

<u>റോഡപകടങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികൾ</u>

7823 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, എ. കെ. ബാലൻ
,, പി. റ്റി. എ. റഹീം
,, സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റോഡ് അപകടങ്ങൾ കുറച്ചുകൊണ്ടുവരുന്നതിനുള്ള ശ്രമങ്ങൾ പൊതുവിൽ ഫലപ്രദമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) വാഹനാപകടങ്ങളിൽ നിന്ന് ജനങ്ങൾക്ക് സുരക്ഷ നൽകുന്നതിനും ദുരന്തങ്ങൾ ഒഴിവാക്കുന്നതിനും ഫലപ്രദമായ കർമ്മപദ്ധതികൾ നടപ്പിലാക്കാൻ തയ്യാറാകുമോ;

(സി) മദ്യപിച്ച് വാഹനമോടിച്ചതിന്റെ പേരിൽ ശിക്ഷിക്കപ്പെടുന്നവരുടെ എണ്ണം മദ്യപാനികളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനയ്ക്ക് അനുസൃതമായി വർദ്ധിക്കുന്നുണ്ടോ; ഇല്ലെങ്കിൽ അത് എന്തുകൊണ്ടെന്ന് പരിശോധിക്കുമോ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

<u>റോഡ് നിയമങ്ങൾ പാലിക്കാത്തത് മൂലമുള്ള അപകടങ്ങൾ</u>

7824 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
,, എൻ. ഷംസുദ്ദീൻ
,, സി. മോയിൻകുട്ടി
,, അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മദ്യവും മയക്കുമരുന്നും റോഡപകടങ്ങളുണ്ടാക്കുന്നതിൽ വഹിക്കുന്ന പങ്കിനെക്കുറിച്ച് വിവരശേഖരണം നടത്തിയിട്ടുണ്ടോ; മൊബൈൽ ഫോണിൽ സംസാരിച്ചുകൊണ്ടുള്ള ഡ്രൈവിംഗ് മൂലമുണ്ടാകുന്ന അപകടങ്ങളുടെ കണക്ക് ശേഖരിച്ചിട്ടുണ്ടോ;

(ബി) മദ്യപിച്ചും, മയക്കുമരുന്നുപയോഗിച്ചും, മൊബൈൽ ഫോണിൽ സംസാരിച്ചും ഡ്രൈവ് ചെയ്യുന്നവർക്ക് നൽകുന്ന ശിക്ഷയെന്താണ്; ഇത്തരം കേസുകൾ പ്രത്യേകം പരിഗണിച്ച് കഠിനശിക്ഷ നടപ്പാക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) മദ്യപിച്ചും മയക്കുമരുന്നുകൾ ഉപയോഗിച്ചും വാഹനമോടിച്ച് അപകടമുണ്ടാകുന്നവരുടെ രക്തപരിശോധന നടത്താറുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം അന്വേഷിച്ച്, ആയത് നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

<u>ടിപ്പർ ലോറികൾ മൂലമുണ്ടായ അപകടങ്ങൾ</u>

7825 **ശ്രീ. കെ. അജിത്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടിപ്പർ ലോറികളുടെ അമിതവേഗതയും അശ്രദ്ധമായ ഡ്രൈവിംഗും മൂലം അപകടങ്ങൾ വർദ്ധിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ടിപ്പർ ലോറിയുടെ അമിത വേഗത്തിനെതിരെയും ഇവ മൂലമുണ്ടായ അപകടങ്ങൾ സംബന്ധിച്ചും കഴിഞ്ഞ ഒരു വർഷത്തിനിടയിൽ കോട്ടയം ജില്ലയിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും, അതിൽ എത്ര കേസുകളുടെ അന്വേഷണം പൂർത്തിയായിട്ടുണ്ടെന്നും അന്വേഷണം പൂർത്തിയായ എത്ര കേസുകൾ കോടതിയിൽ ചാർജ് ചെയ്തിട്ടുണ്ടെന്നും പോലീസ് സ്റ്റേഷൻ തിരിച്ചു വ്യക്തമാക്കുമോ;

(സി) ടിപ്പർ ലോറികളുടെ അമിത വേഗത്തിനെതിരെയുള്ള പരിശോധനയിൽ സ്പീഡ് ഗവർണറുകൾ ശരിയായ രീതിയിൽ പ്രവർത്തിക്കുന്നുണ്ടോ എന്ന പരിശോധന നടത്താറുണ്ടോ; എങ്കിൽ സ്പീഡ് ഗവർണറുകളുടെ പരിശോധനയുമായി ബന്ധപ്പെട്ട് കഴിഞ്ഞ ഒരു വർഷത്തിനിടയിൽ വൈക്കം നിയോജക മണ്ഡലത്തിനു കീഴിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) വൈക്കം നിയോജക മണ്ഡല പരിധിയിൽ കഴിഞ്ഞ ഒരു വർഷത്തിനിടയിൽ എത്ര ടിപ്പർ ലോറി അപകടങ്ങൾ ഉണ്ടായിട്ടുണ്ടെന്നും അതിൽ പരിക്കു പറ്റിയവരുടേയും മരണപ്പെട്ടവരുടേയും എണ്ണം എത്രയെന്നും വെളിപ്പെടുത്തുമോ;

(ഇ) ടിപ്പർ ലോറി അപകടങ്ങൾ നിയന്ത്രിക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>വിദ്യാർത്ഥികൾ റോഡു മുറിച്ചു കടക്കുമ്പോഴുണ്ടാകുന്ന അപകടങ്ങൾ</u>

7826 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ, കോളേജ് വിദ്യാർത്ഥികൾ റോഡ് മുറിച്ചുകടക്കുമ്പോഴുണ്ടാകുന്ന അപകടങ്ങൾ കുറയ്ക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുളളത് എന്നു പറയാമോ;

(ബി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് ഉണ്ടായ റോഡ് അപകടങ്ങളുടെ പേരിൽ ട്രാഫിക് നിയമങ്ങൾ തെറ്റിച്ച എത്ര ഡ്രൈവർമാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; ചേർത്തലയിൽ ഇപ്രകാരം രജിസ്റ്റർ ചെയ്ത കേസുകളുടെ വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) വിദ്യാർത്ഥികളെയും കാൽനടയാത്രക്കാരെയും റോഡുകൾ മുറിച്ചുകടക്കാൻ സഹായിക്കുന്ന പോലീസ് ഉദ്യോഗസ്ഥരുടെ ജോലിഭാരം കുറയ്ക്കുന്നതിനും അവർ വെയിലും മഴയും കൊളളുന്ന സാഹചര്യം ഒഴിവാക്കുന്നതിനും രാത്രികാലങ്ങളിൽ ട്രാഫിക് ഡ്യൂട്ടി ചെയ്യുന്ന പോലീസുകാർക്ക് അപകടങ്ങൾ ഉണ്ടാകാതിരിക്കുന്നതിനും കൈക്കൊണ്ടിട്ടുളള നടപടികൾ വ്യക്തമാക്കാമോ; ഇതുസംബന്ധിച്ച് മോട്ടോർ വാഹന വകുപ്പിൽനിന്ന് എന്തെങ്കിലും നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടോ ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>സൈബര്‍ കുറ്റകൃത്യങ്ങള്‍ക്കെതിരെ സാമൂഹിക ബോധവത്ക്കരണ പരിപാടി</u>

7827 ശ്രീ. എം.എ. വാഹിദ്
'' എ.റ്റി. ജോര്‍ജ്
'' കെ. ശിവദാസന്‍ നായര്‍
'' ഹൈബി ഈഡന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ സൈബര്‍ കുറ്റകൃത്യങ്ങള്‍ക്കെതിരെ വ്യാപകവും വിപുലവുമായ സാമൂഹിക ബോധവത്ക്കരണ പരിപാടി നടത്താനുദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതുകൊണ്ട് എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഏതെല്ലാം ഏജന്‍സികളുമായി ചേര്‍ന്നാണ് ഈ പരിപാടി സംഘടിപ്പിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

ഇ-മെയിൽ/ഫോൺ മുഖേനയുള്ള ആശയ വിനിമയം ശേഖരിക്കൽ നടപടി

7828

ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഏതെങ്കിലും സംഘടനകളോ, വ്യക്തികളോ ഇ-മെയിൽ മുഖേനയോ ഫോൺ മുഖേനയോ നടത്തുന്ന ആശയവിനിമയത്തിന്റെ വിശദാംശങ്ങൾ ശേഖരിക്കുവാൻ ആഭ്യന്തര വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ;

(ബി) ഏത് കേസന്വേഷണത്തിന്റെ ഭാഗമായിട്ട് ഏതെല്ലാം സംഘടനകളുടെയും വ്യക്തികളുടെയും ഇ-മെയിൽ, ഫോൺ ആശയവിനിമയങ്ങളാണ് ഇത്തരത്തിൽ ശേഖരിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) വ്യക്തികളുടെയോ സംഘടനകളുടെയോ ഇ-മെയിൽ മുഖേനയും ഫോൺ മുഖേനയുമുള്ള ആശയവിനിമയം ശേഖരിക്കുവാൻ നിയമപരമായി എന്തെല്ലാം അധികാരങ്ങളും അവകാശങ്ങളുമാണ് സംസ്ഥാന സർക്കാരിനും അതിനുകീഴിലുള്ള ഏജൻസികൾക്കും ഉള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

ഇ.പി. ജയരാജൻ വധോദ്യമ ഗൂഢാലോചന

7829 ശ്രീ. എം. ചന്ദ്രൻ
,, ജെയിംസ് മാത്യു
,, റ്റി. വി. രാജേഷ്
,, ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇ. പി. ജയരാജൻ വധോദ്യമ ഗൂഢാലോചനയിൽ പങ്കാളിയായ പ്രശാന്ത്ബാബു തന്റെ പങ്കാളിത്തവും അതിൻ പങ്കാളികളായ മറ്റുള്ളവരുടെ പേരും വെളിപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഏഷ്യാനെറ്റ് ചാനലിലൂടെ വെളിപ്പെടുത്തപ്പെട്ട വസ്തുതകൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കാമോ ;

(സി) ഏതെല്ലാം കേസുകളിലെ ആരുടെയെല്ലാം പങ്കാളിത്തം സംബന്ധിച്ചുള്ളതാണ് വെളിപ്പെടുത്തലുകൾ; ഇതിന്റെ അടിസ്ഥാനത്തിൽ ഏതെല്ലാം കേസുകളിൽ തുടരന്വേഷണം നടത്താനുദ്ദേശിക്കുന്നു ;

(ഡി) ഇ. പി. ജയരാജൻ വധോദ്യമ ഗൂഢാലോചനയിൽ കെ. പി. സി. സി. ജനറൽ സെക്രട്ടറി കെ. സുധാകരൻ എം. പി. യുടെ പങ്കിനെക്കുറിച്ചുള്ള വെളിപ്പെടുത്തലുകൾ എന്തൊക്കെയായിരുന്നു ;

(ഇ) വെളിപ്പെടുത്തലുകളെ തുടർന്ന് അന്വേഷണം നടത്താൻ പ്രത്യേക അന്വേഷണ സംഘത്തെ ഏർപ്പെടുത്തിയിട്ടുണ്ടോ; ആരെല്ലാമാണ് സംഘത്തിലുള്ളത്; കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>കൊച്ചിയിലെ ഇൻഫോ പാർക്കിൽ പാക്കിസ്ഥാൻ പൗരന്റെ പരസ്യചിത്ര നിർമ്മാണം</u>

7830 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിലെ ഇൻഫോപാർക്കിൽ ഫോട്ടോഗ്രാഫി നിരോധിച്ച മേഖലയിൽ പാക്കിസ്ഥാനിലെ കറാച്ചിയിൽ നിന്നും ടൂറിസം വിസയിൽ വന്ന ആരെങ്കിലും പരസ്യ ചിത്രം നിർമ്മിച്ചതായ പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അത് സംബന്ധിച്ച് അന്വേഷണം നടത്തുകയുണ്ടായോ;

(സി) കറാച്ചി സ്വദേശി എത്ര ദിവസം കൊച്ചിയിൽ താമസിക്കുകയുണ്ടായി;

(ഡി) ഇൻഫോപാർക്ക് സന്ദർശിച്ചത് എപ്പോഴായിരുന്നു; സന്ദർശനത്തിന് അനുമതി നല്കിയിട്ടുണ്ടായിരുന്നുവോ?

# കേരള നിയമസഭ
# 23.07.2012–ലെ മറുപടിക്ക്

<u>പട്ടികവർഗ്ഗക്കാർക്ക് നൽകിയ ഭൂമിയിൽ നിന്നും</u>
<u>മരങ്ങൾ കടത്തിയതിന് നടപടി</u>

7831 ശ്രീ. കെ.വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുളത്തൂപ്പുഴയ്ക്കു സമീപം കൊച്ചരിപ്പയിൽ പട്ടിക വർഗ്ഗക്കാർക്ക് നൽകിയ ഭൂമിയിൽ നിന്നും വിലപിടിപ്പുള്ള മരങ്ങൾ അനധികൃതമായി കടത്തിക്കൊണ്ടുപോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം അനധികൃതമായി തടി കടത്തിക്കൊണ്ടുപോകുന്നവർക്കെതിരെ പട്ടികജാതി പട്ടികവർഗ്ഗ അതിക്രമങ്ങൾ തടയൽ നിയമപ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>മൊബൈൽ സന്ദേശം നൽകി തട്ടിപ്പ്</u>

7832 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവിധ ലോട്ടറികളിൽ സമ്മാനം ലഭിച്ചുവെന്ന് മൊബൈൽ സന്ദേശം നൽകി തട്ടിപ്പു നടത്തുന്ന റാക്കറ്റ് പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് സൈബർ സെൽ അന്വേഷണം നടത്തുന്നുണ്ടോ;

(ബി) ഇതുമായി ബന്ധപ്പെട്ട് പോലീസ് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇതിനകം തട്ടിപ്പിന് ഇരയായവരുടെ എത്ര പരാതികൾ പോലീസിന് ലഭിച്ചിട്ടുണ്ടെന്നും ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ;

(സി) ഈ തട്ടിപ്പിൽ വിദേശികൾ ഉൾപ്പെട്ടിട്ടുണ്ടോ; കേരളത്തിലോ മറ്റ് സംസ്ഥാനങ്ങൾ കേന്ദ്രീകരിച്ചോ ഇത്തരത്തിലുള്ള റാക്കറ്റുകൾ പ്രവർത്തിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

<u>അതീവ സുരക്ഷാ മേഖലയിലെ സിനിമാ ചിത്രീകരണം</u>

7833 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫോട്ടോഗ്രാഫിക്കും വീഡിയോഗ്രാഫിക്കും കർശന നിയന്ത്രണമേർപ്പെടുത്തുകയും അതീവ സുരക്ഷാ മേഖലയായി പ്രഖ്യാപിക്കുകയും ചെയ്തിട്ടുള്ള കൊച്ചി ഇൻഫോ പാർക്കിൽ പാക്കിസ്ഥാൻ പൗരൻ സിനിമാ ചിത്രീകരണം നടത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത അതീവ സുരക്ഷാ മേഖലയിൽ സിനിമാ ചിത്രീകരണത്തിന് അനുമതി നൽകിയത് ആരാണെന്ന് വിശദമാക്കാമോ;

(സി) ഇപ്രകാരം അനുമതി നൽകിയതു വഴി ഉണ്ടായ ഗുരുതരമായ സുരക്ഷാ പാളിച്ചകൾക്ക് ഉത്തരവാദികളായവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ; വിശദാംശം വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>ജനപ്രതിനിധികൾക്ക് പോലീസ് സ്റ്റേഷനുകളിലുള്ള അവകാശങ്ങൾ</u>

7834 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് തെരഞ്ഞെടുക്കപ്പെട്ട എം.എൽ.എ മാർ, മുൻ എം.എൽ.എമാർ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ പ്രസിഡന്റ്, അംഗങ്ങൾ, എന്നിവർക്ക് പോലീസ് സ്റ്റേഷനുകളിൽ അനുവദനീയമായ അവകാശങ്ങൾ എന്തെല്ലാമാണെന്നും അവ ഉറപ്പു വരുത്താൻ പോലീസ് സ്റ്റേഷനുകളിൽ ചുമതലപ്പെടുത്തിയിട്ടുള്ള പോലീസ് ഉദ്യോഗസ്ഥൻമാർ ആരെല്ലാം എന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>സെക്രട്ടേറിയറ്റിന്റെ സുരക്ഷാ ചുമതല</u>

7835

ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളാ ഗവൺമെന്റ് സെക്രട്ടേറിയറ്റിന്റെ സുരക്ഷാ ചുമതലയിൽ മാറ്റം വരുത്തുന്നകാര്യം ആലോചനയിലുണ്ടോ;

(ബി) എങ്കിൽ ഏതു തരത്തിലുളള മാറ്റം വരുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇതു സംബന്ധിച്ച് കേന്ദ്രത്തിൽ നിന്നും എന്തെങ്കിലും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

<u>ഫോൺ ചോർത്തൽ</u>

7836 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ മാർ ഉൾപ്പെടെ സംസ്ഥാനത്തെ ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയുടെ ഏതെങ്കിലും നേതാക്കളുടെ ഫോൺ കോളുകൾ ചോർത്തുന്നതിന് ആഭ്യന്തര വകുപ്പിൽ നിന്നും നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ആരുടെയെല്ലാം ഫോൺ കോളുകൾ ചോർത്തുന്നതിന് ആർക്കെല്ലാമാണ് അനുമതി നൽകിയിട്ടുള്ളത്; വിശദാംശം നൽകുമോ;

(സി) ഫോൺ കോളുകൾ ചോർത്തുന്നതിന് അനുമതി നൽകുന്നത് സംബന്ധിച്ച വ്യവസ്ഥകൾ വിശദമാക്കുമോ; നിയമവിരുദ്ധമായി ഫോൺ ചോർത്തുന്നതിന് നൽകുന്ന ശിക്ഷ വിശദമാക്കുമോ;

(ഡി) അനധികൃതമായി ഫോൺ കോളുകൾ ചോർത്തൽ നടത്തുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; ആരുടെയെല്ലാം ഫോൺ കോളുകളാണ് അനധികൃതമായി ചോർത്തിയിട്ടുള്ളത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>ജനകീയസമിതി</u>

7837 ശ്രീ. കെ.എൻ.എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എല്ലാ പോലീസ് സ്റ്റേഷൻ പരിധിയിലും രാഷ്ട്രീയ കക്ഷി പ്രതിനിധികളും മറ്റും ഉൾക്കൊള്ളുന്ന ഒരു ജനകീയ സമിതി രൂപീകരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>ടൂറിസ്റ്റുകളുടെ നേരെയുള്ള ആക്രമണം</u>

7838 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാനത്തെത്തുന്ന എത്ര ആഭ്യന്തര ടൂറിസ്റ്റുകളും, വിദേശ ടൂറിസ്റ്റുകളും ആക്രമിക്കപ്പെട്ടതായി റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഇവ ഓരോന്നുമായി ബന്ധപ്പെട്ട കേസുകളുടെ വിശദാംശം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

<u>വാഹന അപകടങ്ങൾ</u>

7839 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഒരു വർഷത്തിൽ സംസ്ഥാനത്ത് എത്ര പേർ വാഹനാപകടത്തിൽപ്പെട്ട് മരിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) ഇതിൽ ഏത് വാഹനം ഓടിച്ചവർക്കാണ് ഏറ്റവും കൂടുതൽ ജീവഹാനി സംഭവിച്ചിട്ടുള്ളത്?

# കേരള നിയമസഭ
## 23.07.2012–ലെ മറുപടിക്ക്

<u>തടിയന്റവിട നസീർ നടത്തിയ കൊലയും കവർച്ചയും</u>

7840 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസ് രേഖകളിൽ തടിയന്റവിട നസീർ എന്നയാൾ ലഷ്കർ-എ-ത്വയിബയുടെ ദക്ഷിണേന്ത്യൻ കമാന്റർ ആണെന്ന് വിവരം ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത വ്യക്തി തീവ്രവാദ പ്രവർത്തനങ്ങൾക്ക് വേണ്ടി കൊലയും കവർച്ചയും നടത്തിയതായി കണ്ടെത്തിയിട്ടുണ്ടോ;

(സി) ഈ കൊലയും കവർച്ചയും നടത്തിയതിൽ വിദേശ ശക്തികൾക്ക് പങ്കുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>ഗുണ്ടാനിയമപ്രകാരം അറസ്റ്റ്</u>

7841 ശ്രീ. അബ്ദുറഹിമാന്‍ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരമേറ്റശേഷം ഗുണ്ടാ നിയമപ്രകാരം എത്രപേരെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) അറസ്റ്റ് ചെയ്തവരുടെ ജില്ല തിരിച്ചുള്ള കണക്ക് നല്കാമോ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

<u>സര്‍ക്കാര്‍ വാദിയായ കേസുകള്‍</u>

7842

ശ്രീ. ചിറ്റയം ഗോപകുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരമേറ്റ ശേഷം സര്‍ക്കാര്‍ വാദിയായിട്ടുള്ള എത്ര ക്രിമിനല്‍ കേസുകള്‍ പിന്‍വലിക്കുവാന്‍ താല്പര്യപ്പെട്ടുകൊണ്ട് കോടതികളെ സമീപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ അടിസ്ഥാനത്തില്‍ എത്ര കേസുകളില്‍ കോടതി പ്രതികളെ വെറുതെവിട്ടുകൊണ്ട് ഉത്തരവായിട്ടുണ്ടെന്നും അവര്‍ ആരെല്ലാമെന്നും വ്യക്തമാക്കുമോ;

(സി) നിലവില്‍ ഇത്തരം ആവശ്യം ഉന്നയിച്ചുകൊണ്ട് കോടതികളുടെ പരിഗണനയ്ക്കായി സമീപിച്ചിട്ടുള്ള കേസുകളുണ്ടെങ്കില്‍ അവയുടെ വിശദാംശം അറിയിക്കുമോ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>അന്യസംസ്ഥാന തൊഴിലാളികൾക്കെതിരെയുള്ള കേസുകൾ</u>

7843 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ സർക്കാർ അധികാരമേറ്റശേഷം അന്യസംസ്ഥാന തൊഴിലാളികൾ കുറ്റവാളികളായ എത്ര കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്ത് അന്യസംസ്ഥാന തൊഴിലാളികളായെത്തുന്നവർ ക്രിമിനലുകളല്ല എന്ന് ഉറപ്പു വരുത്തുന്നതിനായി അവരുടെ സംസ്ഥാനത്തെ പോലീസ് അതോറിറ്റിയിൽ നിന്നും ക്രിമിനൽ കേസുകളിൽ ഉൾപ്പെട്ടവരല്ല എന്നുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കുന്നവരെ മാത്രമെ സംസ്ഥാനത്ത് തൊഴിലെടുക്കാൻ അനുവദിക്കുകയുള്ളൂ എന്ന നിർദ്ദേശം നടപ്പിൽ വരുത്തുമോ ?

# കേരള നിയമസഭ
# 23.07.2012–ലെ മറുപടിക്ക്

<u>സദാചാര പോലീസ്</u>

7844 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സദാചാര പോലീസ് പ്രവർത്തനവുമായി ബന്ധപ്പെട്ട് വർഗ്ഗീയ വിദ്വേഷം ഉയരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സദാചാര പോലീസ് പ്രവർത്തനവുമായി ബന്ധപ്പെട്ട് എത്ര പേരെ വീതം എത്ര കേസുകളിലായി അറസ്റ്റു ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) നിയമം കയ്യിലെടുക്കുന്ന ഈ രീതിയിലുള്ള പ്രവർത്തനങ്ങൾ നിരുത്സാഹപ്പെടുത്തുവാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇത്തരം പ്രവർത്തനങ്ങൾ വർദ്ധിച്ചുവരുന്നതിന്റെ കാരണങ്ങൾ എന്തെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

<u>സദാചാര പോലീസ് അക്രമം</u>

7845

ശ്രീ. എ. കെ. ബാലൻ
,, ഇ. പി. ജയരാജൻ
,, കെ. വി. അബ്ദുൾഖാദർ
,, വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സദാചാര പോലീസ് ചമയുന്നത് വ്യക്തമായ ജാതി-മത താല്പര്യങ്ങൾ ഉള്ളവരാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) ഇവർ നടത്തുന്ന അതിക്രമങ്ങൾ ആവർത്തിക്കാതിരിക്കാൻ സർക്കാർ എന്ത് നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് സംബന്ധിച്ച് ഇതിനകം പോലീസ് രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകൾ എത്ര; ഈ സംഭവങ്ങളിൽ എത്ര പേരെ അറസ്റ്റ് ചെയ്യാൻ ബാക്കി നില്പുണ്ട്?

# കേരള നിയമസഭ
## 23.07.2012–ലെ മറുപടിക്ക്

## അഞ്ചേരി ബേബി വധക്കേസ്

7846

ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലാ സെക്രട്ടറി എം. എം. മണിയുടെ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നുണ്ട്;

(ബി) അഞ്ചേരി ബേബി വധക്കേസിൽ എഫ്. ഐ. ആർ. രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(സി) എങ്കിൽ അതിൽ ആരെയൊക്കെയാണ് പ്രതികളാക്കിയിട്ടുളളതെന്ന് വ്യക്തമാക്കുമോ;

(ഡി) ഏതൊക്കെ വകുപ്പുകളനുസരിച്ചാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുളളതെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>രഘു വധക്കേസ് സംബന്ധിച്ച അന്വേഷണം</u>

7847 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ കെ.എസ്.ആർ.റ്റി.സി ബസ്സ്റ്റാന്റിൽ വെച്ച് രഘു എന്നയാൾ കൊല്ലപ്പെട്ടതുമായി ബന്ധപ്പെട്ട മുഴുവൻ പ്രതികളെയും പിടികൂടിയിട്ടുണ്ടോ;

(ബി) ഇവരിൽ ഓരോരുത്തരുടേയും പേരിൽ ചുമത്തപ്പെട്ട കുറ്റം എന്തൊക്കെയാണ്;

(സി) പ്രതികളെ മുഴുവൻ പിടികൂടിയിട്ടില്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കാമോ; പ്രതികളെ പിടിക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെ;

(ഡി) അന്വേഷണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

## വിവരാവകാശ കമ്മീഷണർക്കെതിരെ വ്യാജപരാതി

7848

ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവിൽ മുഖ്യ വിവരാവകാശ കമ്മിഷണറും മുൻ വിജിലൻസ് ഡയറക്ടറുമായിരുന്ന ഉദ്യോഗസ്ഥനെതിരെ വ്യാജ പരാതി നൽകി ഗുഢാലോചന നടത്തിയവർക്കെതിരെ കേസെടുക്കണമെന്ന കോടതി ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഇത്തരത്തിൽ വ്യാജ പരാതി നൽകി ഗൂഢാലോചന നടത്തിവർ ആരെല്ലാം; അവർ പൊലീസിൽ ഏതൊക്കെ പദവികളിലാണ് നിലവിൽ ജോലി ചെയ്യുന്നത്; വിശദമാക്കുമോ;

(സി) ഇവർക്കെതിരെ ഏതൊക്കെ വകുപ്പുകൾ ചുമത്തിയാണ് കേസ് എടുത്തിരിക്കുന്നത്; ഏത് പോലിസ്റ്റേഷനിലാണ് പ്രഥമ വിവര റിപ്പോർട്ട് തയ്യാറാക്കിയിട്ടുളളത്;

(ഡി) ജീവനും സ്വത്തിനും സംരക്ഷണം നൽകേണ്ട പോലീസ് ഉദ്യോഗസ്ഥർതന്നെ വ്യാജപരാതി ഉണ്ടാക്കി ഗൂഢാലോചന നടത്തിയ നടപടി ഗൗരവമായി കാണുന്നുണ്ടോ; വിശദമാക്കുമോ;

(ഇ) ഇത്തരത്തിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**23.07.2012-ലെ മറുപടിക്ക്**

<u>അലക്സ് സി ജോസഫിനെതിരെയുള്ള</u>
<u>വ്യാജ പാസ്പോർട്ട് കേസ്</u>

7849 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആഡംബര കാർ കടത്ത് കേസിലെ പ്രതി അലക്സ് സി ജോസഫിനെതിരെയുള്ള വ്യാജ പാസ്പോർട്ട് കേസിൽ അന്വേഷണം പൂർത്തിയായോ; ഇല്ലെങ്കിൽ കേസിന്റെ അന്വേഷണ പുരോഗതി വ്യക്തമാക്കാമോ;

(ബി) കേസിന്റെ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രതിക്ക് പ്രസ്തുത കേസിൽ ജാമ്യം ലഭിച്ചിട്ടുണ്ടോ; എങ്കിൽ ജാമ്യം ലഭിക്കാനിടയായ സാഹചര്യം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>സുനീഷ് കുമാറിനെ മർദ്ദിച്ചതുമായി ബന്ധപ്പെട്ട കേസ്</u>

7850 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

തിരുവനന്തപുരം മലയിൻകീഴ് പോലീസ് സ്റ്റേഷനിൽ 2001-ൽ സുനീഷ് കുമാർ എന്ന യുവാവിനെ മർദ്ദിച്ച് കാഴ്ചശക്തി നഷ്ടപ്പെടുത്തിയ സംഭവവുമായി ബന്ധപ്പെട്ട് സർക്കാർ ഉത്തരവ് G.O. (Rt) No. 68/09/Home തീയതി 6.1.2009 പ്രകാരം സർക്കാർ പ്രോസിക്യൂഷന് അനുമതി നൽകി കാട്ടാക്കട ഫസ്റ്റ് ക്ലാസ് മജിസ്ട്രേട്ട് കോടതിയിൽ കുറ്റക്കാരായ പോലീസുദ്യോഗസ്ഥർക്കെതിരെ നിലവിലുള്ള ക്രിമിനൽ കേസ്സിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്നു വിശദമാക്കുമോ ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>പൊതുസ്ഥലങ്ങളിൽ മുറുക്കിത്തുപ്പുന്നതും പുക വലിക്കുന്നതും തടയാൻ നടപടി</u>

T7851 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുസ്ഥലങ്ങളിൽ പുക വലിക്കുന്നതും മുറുക്കിത്തുപ്പുന്നതും മൂലമുണ്ടാകുന്ന മലിനീകരണ പ്രശ്നങ്ങൾ രൂക്ഷമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാൻ എന്തു നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ;

(സി) ഇക്കാര്യത്തിൽ കൂടുതൽ കാര്യക്ഷമമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

## ടി. പി. വധം-പോലീസ് കസ്റ്റഡിയിലുള്ളവർ

7852 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടി. പി. ചന്ദ്രശേഖരൻ വധവുമായി ബന്ധപ്പെട്ട് നാളിതുവരെ പോലീസ് ആരെയെല്ലാം അറസ്റ്റ് ചെയ്യുകയുണ്ടായി. ഏതെല്ലാം തീയതികളിലായിരുന്നു അറസ്റ്റ്; ഇവരിൽ ഇപ്പോഴും ജുഡിഷ്യൽ കസ്റ്റഡിയിലോ പോലീസ് കസ്റ്റഡിയിലോ ഉള്ളവരെത്ര;

(ബി) അറസ്റ്റ് ചെയ്യപ്പെട്ടവരിൽ ആരെയെല്ലാം എത്ര ദിവസം വീതം ജുഡിഷ്യൽ കസ്റ്റഡിയിൽ നിന്നും പോലീസ് കസ്റ്റഡിയിൽ വാങ്ങുകയുണ്ടായി;

(സി) ഇവർ ഓരോരുത്തരും ഇതിനകം ജുഡിഷ്യൽ കസ്റ്റഡിയിലും, പോലീസ് കസ്റ്റഡിയിലും കഴിഞ്ഞത് എത്ര ദിവസം വീതമാണ്?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

<u>ടി.പി. വധക്കേസ് - അന്വേഷണസംഘം</u>

7853 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടി.പി. ചന്ദ്രശേഖരൻ വധക്കേസിൽ അറസ്റ്റിലായ പി. മോഹനൻ മാസ്റ്ററെ അറസ്റ്റ്ചെയ്ത ദിവസം മുതൽ 11-07-2012ന് ജുഡിഷ്യൽ കസ്റ്റഡിയിൽ വിടുന്നതുവരെയുള്ള ദിവസങ്ങളിൽ പ്രത്യേക അന്വേഷണ സംഘത്തിന്റെ വടകരയിലെ ക്യാമ്പ് ഓഫീസിൽ ഡ്യൂട്ടിയിലുണ്ടായിരുന്ന സ്പെഷ്യൽ ടീം അംഗങ്ങളല്ലാത്ത പോലീസ് ഉദ്യോഗസ്ഥർ ആരൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഉദ്യോഗസ്ഥരുടെ ഔദ്യോഗിക മേൽവിലാസം സഹിതമുള്ള ലിസ്റ്റ് നൽകുമോ;

(സി) മോഹനൻ മാസ്റ്റർ ഉൾപ്പെടെയുള്ള ആരെയെങ്കിലും ചോദ്യം ചെയ്യുന്നതിനായി അന്വേഷണ സംഘത്തിന് പുറത്തുനിന്നും ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥർ ആരൊക്കെയായിരുന്നു?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

ടി. പി. ചന്ദ്രശേഖരൻ വധക്കേസ് അന്വേഷണം

7854 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടി. പി. ചന്ദ്രശേഖരൻ വധക്കേസ് അന്വേഷണങ്ങളുടെ ഭാഗമായി പോലീസ് ഇതിനകം രജിസ്റ്റർ ചെയ്ത കേസുകൾ ഓരോന്നും ഏതെല്ലാം പോലീസ് സ്റ്റേഷനുകളിൽ ഏതെല്ലാം ക്രൈം നമ്പരുകളിലായി, ഏതെല്ലാം തീയതികളിലാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ;

(ബി) ഓരോ കേസിലും ആർക്കെല്ലാം എതിരെ ഏതെല്ലാം വകുപ്പുകൾ പ്രകാരമാണ് കേസെടുത്തിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(സി) ഏതെല്ലാം കേസുകളിൽ അന്വേഷണം പൂർത്തിയായിട്ടുണ്ട് ;

(ഡി) ഓരോ കേസും അന്വേഷിക്കാൻ ചുമതലപ്പെട്ട അന്വേഷണ സംഘത്തിൽപ്പെട്ട പോലീസ് ഉദ്യോഗസ്ഥന്മാർ ആരൊക്കെയാണ് ; ഇതിൽ ആരെയെല്ലാം ഇടയ്ക്ക് ഒഴിവാക്കുകയോ, ഉൾപ്പെടുത്തുകയോ ചെയ്തു ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>ചന്ദ്രശേഖരൻ വധക്കേസ്</u>

7855 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചന്ദ്രശേഖരൻ വധക്കേസ് അന്വേഷണ സംഘത്തിലെ ഉദ്യോഗസ്ഥരുടെ പേരും അവർ ഓരോരുത്തരും ഉപയോഗിക്കുന്ന ഔദ്യോഗികവും അനൗദ്യോഗികവുമായ ഫോൺ നമ്പറുകളും വെളിപ്പെടുത്താമോ;

(ബി) അന്വേഷണത്തിനായി ഏർപ്പെടുത്തപ്പെട്ട സംഘത്തിന് പുറമേ മൊഴികൾ രേഖപ്പെടുത്താനും മറ്റുമായി സംഘത്തിൽ ഡ്യൂട്ടി നല്കപ്പെട്ട പോലീസ് ഉദ്യോഗസ്ഥന്മാർ ആരൊക്കെയായിരുന്നു ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

<u>ടി. പി. ചന്ദ്രശേഖരൻ വധക്കേസ്</u>

7856 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വടകര ടി. പി. ചന്ദ്രശേഖരൻ വധക്കേസ് അന്വേഷിക്കുന്ന സംഘത്തിലെ ഉദ്യോഗസ്ഥരുടെയും മാധ്യമപ്രവർത്തകരുടെയും ഫോൺ കോളുകളും ചോർത്തിയത് സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) ഫോൺ കോളുകൾ ചോർത്തിയതായി കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ ഈ വിഷയത്തിൽ എന്തെല്ലാം തുടർനടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(സി) വധത്തിനുപിന്നിൽ പ്രവർത്തിച്ചവരും ഗൂഢാലോചന നടത്തിയവരുമായി സംശയിക്കപ്പെടുന്ന എത്രപേരെ ഇതുവരെ ചോദ്യം ചെയ്തുവെന്നും കസ്റ്റഡിയിൽ എടുത്തുവെന്നും വെളിപ്പെടുത്തുമോ ;

(ഡി) കസ്റ്റഡിയിൽ എടുത്ത സി.പി.എം. പ്രവർത്തകരും അനുഭാവികളുമായവർ ആരെല്ലാമെന്നും അവരുടെ സംഘടനാ ഭാരവാഹിത്വവും വ്യക്തമാക്കുമോ ;

(ഇ) കേസന്വേഷണം എന്നത്തേയ്ക്ക് പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

<u>ടി. പി. വധം - അന്വേഷണവിവരം ചോർത്തൽ</u>

7857 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചന്ദ്രശേഖരൻ വധക്കേസ് അന്വേഷണ സംഘത്തിലെ അന്വേഷണ ഉദ്യോഗസ്ഥൻമാരിൽ ആരെങ്കിലും 9497990123 എന്ന നമ്പർ ഫോൺ ഉപയോഗിക്കുന്നുണ്ടോ; എങ്കിൽ ഈ ഫോൺ ഉപയോഗിക്കുന്നയാൾ ആരാണ്;

(ബി) ഈ ഫോണിൽ നിന്നും 2012 മെയ് 4-ന് ശേഷം ഇന്നേ വരെ ഏതെല്ലാം മാധ്യമങ്ങളിലെ ഏതെല്ലാം ലേഖകൻമാരെ വിളിച്ചിട്ടുണ്ട്;

(സി) അന്വേഷണ വിവരങ്ങളൊന്നും അന്വേഷണ സംഘത്തിലെ ആരും മാധ്യമങ്ങൾക്ക് നൽകുന്നില്ലെന്ന് കോടതിയെ അറിയിച്ചിട്ടുണ്ടായിരുന്നുവോ; അതിന് വിരുദ്ധമായി വിവരങ്ങൾ നൽകിയതിനെതിരെ എന്ത് നടപടി സ്വീകരിച്ചു;

(ഡി) അന്വേഷണ സംഘത്തിൽ പബ്ലിക് റിലേഷൻസ് ചുമതല ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥന് നൽകിയിട്ടുണ്ടായിരുന്നുവോ; മേൽപ്പറഞ്ഞ ഫോൺ ഇതിനായി ഉപയോഗിക്കാൻ തീരുമാനിച്ചിട്ടുണ്ടായിരുന്നുവോ?

# കേരള നിയമസഭ
# 23.07.2012–ലെ മറുപടിക്ക്

<u>ടി. പി. വധക്കേസ്–അന്വേഷണ പുരോഗതി ചോർത്തൽ</u>

7858 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടി. പി. ചന്ദ്രശേഖരൻ വധക്കേസിൽ പ്രതികളെന്ന് ആരോപിച്ച് പോലീസ് കസ്റ്റഡിയിലെടുത്തിട്ടുള്ള സി.പി.എം. നേതാക്കളെ ചോദ്യം ചെയ്തിട്ടുള്ള പോലീസ് ഉദ്യോഗസ്ഥർ ആരെല്ലാമെന്ന് വ്യക്തമാക്കാമോ ;

(ബി) അന്വേഷണ സംഘത്തിലെ ചില പോലീസ് ഉദ്യോഗസ്ഥർ മാധ്യമ പ്രവർത്തകർക്ക് മൊബൈൽ ഫോൺ വഴി വാർത്തകൾ നൽകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ടി. പി. ചന്ദ്രശേഖരൻ വധക്കേസിൽ അന്വേഷണത്തിന്റെ പുരോഗതി കസ്റ്റഡിയിലെടുത്തിട്ടുള്ള സി. പി. എം. നേതാക്കളുടെ മൊഴി എന്നിവ സംബന്ധിച്ച് വിശദാംശങ്ങൾ പോലീസ് ഇതുവരെ മാധ്യമങ്ങൾക്ക് ഔദ്യോഗികമായോ, രേഖമൂലമോ, ഫോണിലൂടെയോ വാർത്താസമ്മേളനങ്ങളിലൂടെയോ നൽകിയിട്ടുണ്ടോ ; നൽകിയിട്ടുണ്ടെങ്കിൽ നൽകിയത് ഏതെല്ലാം പോലീസ് ഉദ്യോഗസ്ഥൻമാർ എന്നും നൽകിയ വിവരങ്ങൾ എന്തെല്ലാം എന്നും വിശദമാക്കാമോ ;

(ഡി) മാധ്യമ പ്രവർത്തകരുമായി അന്വേഷണ സംഘത്തിലെ ഉദ്യോഗസ്ഥന്മാരായ ജോസി ചെറിയാൻ, ഷൗക്കത്തലി എന്നിവർ നിരന്തരം ഫോണിൽ സംസാരിച്ച് അന്വേഷണത്തിന്റെ വിശദാംശങ്ങൾ തെറ്റായി ധരിപ്പിക്കുന്നതായോ അന്വേഷണം സി.പി.എം.നെതിരെ തിരിച്ച് വിടാൻ ശ്രമം നടത്തുന്നതായോ അറിവുണ്ടോ ; എങ്കിൽ ഇത് സംബന്ധിച്ച് അന്വേഷിച്ച് നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

ടി. പി. ചന്ദ്രശേഖരന്റെ വീട്ടിൽ സന്ദർശനം നടത്തിയ കേന്ദ്ര സംസ്ഥാന മന്ത്രിമാർ

7859 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എല്ലാ കൊലപാതകങ്ങളുടെയും അന്വേഷണം നടത്തുന്നത് ഒരേ നിയമത്തിനനുസൃതമായിട്ടാണോ;

(ബി) കൊല ചെയ്യപ്പെട്ട എല്ലാ ആളുകളുടെയും വീടുകളിൽ മന്ത്രിമാർ സന്ദർശനം നടത്തുക പതിവാണോ ;

(സി) ടി. പി. ചന്ദ്രശേഖരന്റെ വധത്തെ തുടർന്ന് ഇതിനകം അദ്ദേഹത്തിന്റെ വീട് സന്ദർശിച്ച കേന്ദ്ര-സംസ്ഥാന മന്ത്രിമാർ ആരൊക്കെയാണ്;

(ഡി) ചന്ദ്രശേഖരൻ വധക്കേസ് അന്വേഷണ സംഘത്തിലെ ഏതെല്ലാം പോലീസ് ഓഫീസർമാരുമായി ഏതെല്ലാം മന്ത്രിമാർ ഇതിനകം ഫോണിലോ അല്ലാതെയോ ചർച്ച നടത്തുകയുണ്ടായി എന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

<u>രഹസ്യാന്വേഷണ വിഭാഗം റിപ്പോർട്ടുകൾ സഭയുടെ മേശപ്പുറത്ത് വയ്ക്കൽ</u>

7860 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിലേക്ക് ലഭ്യമാകുന്ന രഹസ്യാന്വേഷണ വിഭാഗം റിപ്പോർട്ടുകൾ രഹസ്യ സ്വഭാവമുള്ളതിനാൽ വെളിപ്പെടുത്താൻ കഴിയില്ലെന്ന സർക്കാർ നിലപാടിൽ മാറ്റം വരുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇല്ലെങ്കിൽ ടി. പി. ചന്ദ്രശേഖരന് ഭീഷണിയുണ്ടെന്ന് കാണിച്ച് 19.11.2010-ൽ സർക്കാരിന് ലഭിച്ച അനൗദ്യോഗികവും, സ്ഥിരീകരിക്കാത്തതുമായ വിവരങ്ങൾ ഉൾക്കൊള്ളുന്ന രഹസ്യ റിപ്പോർട്ട് സഭയുടെ മേശപ്പുറത്ത് വച്ചത് എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത രഹസ്യാന്വേഷണ റിപ്പോർട്ട് സഭയുടെ മേശപ്പുറത്ത് വയ്ക്കാൻ ആരെങ്കിലും ആവശ്യപ്പെട്ടിരുന്നുവോ;

(ഇ) കഴിഞ്ഞ 10 വർഷത്തിനുള്ളിൽ ഏതെങ്കിലും ആഭ്യന്തര വകുപ്പുമന്ത്രി എപ്പോഴെങ്കിലും രഹസ്യാന്വേഷണ റിപ്പോർട്ടുകൾ സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടി വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരൊക്കെ എപ്പോഴൊക്കെ എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>മോഷണക്കേസുകൾ</u>

7861

ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ സംസ്ഥാനത്ത് എത്ര മോഷണ കേസുകളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്;

(ബി) ഇതിൽ എത്ര കേസുകളിലാണ് അന്യസംസ്ഥാന തൊഴിലാളികൾ ഉൾപ്പെട്ടിട്ടുള്ളത്?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

<u>പ്രായപൂർത്തിയാകാത്ത കുട്ടികൾ പ്രതികളായ കേസുകൾ</u>

7862 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കവർച്ച, മോഷണം,ക്വട്ടേഷൻ ആക്രമണം, കൊലപാതകം എന്നിവയിൽ പങ്കാളികളായ പ്രായപൂർത്തിയാകാത്ത എത്രപേർ ഉണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) ഇവർ പ്രതികളായ ഓരോ കേസിന്റെയും വിശദാംശം വെളിപ്പെടുത്താമോ ;

(സി) പ്രായപൂർത്തിയാകാത്ത കുട്ടികൾ പ്രതികളാകുന്ന കേസുകളുടെ എണ്ണം കൂടിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഇത് കുറച്ചുകൊണ്ട് വരുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>തീർത്ഥപാദ മണ്ഡപത്തിനു സമീപത്തെ സ്റ്റാളുകളിൽ ഉണ്ടായ തീപിടുത്തം</u>

7863 ശ്രീ. കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശ്രീപത്മനാഭ സ്വാമി ക്ഷേത്ര പരിസരത്തെ തീർത്ഥപാദ മണ്ഡപത്തിനു സമീപത്തുള്ള സ്റ്റാളുകളിൽ തീ പിടിച്ചതു സംബന്ധിച്ച കേസിന്റെ അന്വേഷണ പുരോഗതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കേസിൽ കുറ്റക്കാരെ ആരെയെങ്കിലും തിരിച്ചറിഞ്ഞിട്ടുണ്ടോ;

(സി) അന്വേഷണം ഊർജ്ജിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

<u>ആരാധനാലയങ്ങൾക്കെതിരെ അക്രമം</u>

7864

ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ആരാധനാലയങ്ങൾക്കു നേരെയുള്ള അക്രമവുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇത്തരം അതിക്രമങ്ങൾ തടയുന്നതിന് പ്രത്യേകമായി എന്തെങ്കിലും സംവിധാനം ഏർപ്പെടുത്താൻ നടപടിയെടുക്കുമോ;

(സി) ഈ സർക്കാരിന്റെ കാലത്ത് ആരാധനാലയങ്ങളിലെ മോഷണവും/മോഷണശ്രമങ്ങളുമായി ബന്ധപ്പെട്ട് എത്ര കേസുകൾ പോലിസ് രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് ജില്ല തിരിച്ച് അറിയിക്കുമോ;

(ഡി) ഇതിൽ എത്ര കേസുകളിൽ പ്രതികളെ പിടികൂടിയിട്ടുണ്ട് ജില്ല തിരിച്ച് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

<u>കാസർഗോഡ് ഗവൺമെന്റ് കോളേജിലെ അക്രമം</u>

7865 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ഗവൺമെന്റ് കോളേജിൽ 2012 ജൂലായ് 3,4 തീയതികളിൽ എസ്.എഫ്.ഐ പ്രവർത്തകർക്കെതിരെ ഉണ്ടായ ആക്രമണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആക്രമണത്തിനുള്ള കാരണം എന്താണെന്ന് വിശമാക്കുമോ;

(സി) ആക്രമണത്തിൽ എസ്.എഫ്.ഐ പ്രവർത്തകരായ എത്ര കുട്ടികൾക്ക് പരിക്ക് പറ്റിയിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കുമോ;

(ഡി) ഇതു സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഏതൊക്കെ വകുപ്പുകൾ ഉൾപ്പെടുത്തിയാണ് കേസ്സ് രജിസ്റ്റർ ചെയ്തിട്ടുള്ളത്; ആരൊക്കെയാണ് പ്രതികൾ; എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കുമോ;

(ഇ) കാസർഗോഡ് ഗവൺമെന്റ് കോളേജിൽ പഠനം പൂർത്തിയാക്കിയ പൂർവ്വ വിദ്യാർത്ഥികളായ എം.എസ്.എഫ് പ്രവർത്തകർ കോളേജ് പ്രവൃത്തി സമയത്ത് കോളേജിൽ സ്വൈര്യവിഹാരം നടത്തുന്നതും പെൺകുട്ടികളെ കമന്റടിക്കുന്നതും പ്രതികരിക്കുന്നവരെ ഭീഷണിപ്പെടുത്തുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ ഇവരെ നിയന്ത്രിക്കുന്നതിനും കോളേജിൽ സമാധാനം പുനസ്ഥാപിക്കുന്നതിനും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

<u>താമരക്കുളം വി. വി. എച്ച്. എസിന് സമീപം നടന്ന അക്രമങ്ങൾ</u>

7866

ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ ചാരുംമൂട് താമരക്കുളം വി. വി. എച്ച്. എസ്. -ൽ എസ്. എഫ്. ഐ. യുടെ കൊടി നശിപ്പിച്ചവർക്കെതിരെ കേസെടുത്തിട്ടുണ്ടോ. ആരൊക്കെയാണ് പ്രതികൾ;

(ബി) ഏത് വകുപ്പുപ്രകാരമാണ് കേസ് ചുമത്തിയിരിരിക്കുന്നത്; ഇതിനു പിന്നാലെ 27-6-12 ൽ പ്രസ്തുത സ്കൂൾ പരിസരത്തോട് ചേർന്ന് ട്യൂഷൻ സെന്റർ നടത്തുന്ന പ്രശാന്തിനെയും ഭാര്യയേയും ആക്രമിച്ചതിൽ കേസെടുത്തിട്ടുണ്ടോ; ഏതൊക്കെ വകുപ്പുകൾ പ്രകാരമാണ് കേസെടുത്തിട്ടുളളത്; ആരൊക്കെയാണ് പ്രതികൾ;

(സി) പ്രസ്തുത സംഭവത്തിനുശേഷം അതേ തീയതിയിൽ രാത്രിയിൽ വി. വി. എച്ച്. എസിലെ എസ്. എഫ്. ഐ. യൂണിറ്റ് സെക്രട്ടറിയുടെ വീടാക്രമിച്ചവർക്കെതിരെ കേസെടുത്തിട്ടുണ്ടോ; ആരൊക്കെയാണ് പ്രതികൾ;

(ഡി) പ്രസ്തുത സംഭവത്തിന്റെ ഭാഗമായി വി. വി. എച്ച്. എസിലെ വിദ്യാർത്ഥിയെ ആക്രമിച്ച് കാലിന് ഗുരുതരമായി പരിക്കേല്പിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അക്രമികൾക്കെതിരെ കേസെടുത്തിട്ടുണ്ടോ; ഏതൊക്കെയാണ് വകുപ്പുകൾ;

(ഇ) പ്രസ്തുത കേസുകളിലെയെല്ലാം പ്രതികൾ ഏതെങ്കിലും രാഷ്ട്രീയ പാർട്ടികളുമായി ബന്ധമുളളവരാണോ; കെ. എസ്. യു. , യൂത്ത് കോൺഗ്രസ് പ്രവർത്തകരാണ് ആക്രമണത്തിനു പിന്നിലെന്ന് വിവരം ലഭ്യമായിട്ടുണ്ടോ;

(എഫ്) ഇവർക്കെതിരെ കേസെടുക്കാത്തത് എന്തുകൊണ്ടാണ്; ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയുടെ സമ്മർദ്ദം കേസെടുക്കാത്തതിന് കാരണമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ ;

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

(ജി) കുറ്റക്കാർക്കെതിരെ അടിയന്തിരമായി നടപടി സ്വീകരിക്കുമോ;

(എച്ച്) നിരന്തരമായി ഇത്തരം പ്രവർത്തനത്തിന് നേതൃത്വവും, ഗൂഡാലോചനയും നടത്തുന്ന പ്രസ്തുത പ്രതികളെ ഗുണ്ടാലിസ്റ്റിൽപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>കാസർഗോഡ് ഗവൺമെന്റ് കോളേജിലുണ്ടായ അക്രമം</u>

7867 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എസ്.എഫ്.ഐ. ജില്ലാ കമ്മിറ്റിയംഗവും കാസർഗോഡ് ഗവൺമെന്റ് കോളേജ് മാഗസിൻ എഡിറ്ററുമായ ഖദീജത്ത് സുഹൈലടക്കമുള്ള വിദ്യാർത്ഥികൾ കോളേജ് ക്യാമ്പസിനകത്ത് വച്ച് ആക്രമിക്കപ്പെട്ട സംഭവം സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; ആർക്കൊക്കെയാണ് പരാതികൾ ലഭിച്ചത്;

(ബി) പ്രസ്തുത സംഭവത്തിലെ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ഓരോ പരാതിയിന്മേലും സ്വീകരിച്ച തുടർ നടപടികൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 23.07.2012–ലെ മറുപടിക്ക്

<u>കൊണ്ടോട്ടി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 548/2011</u>

7868 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി പോലീസ് സ്റ്റേഷനിലെ ക്രൈം നമ്പർ 548/2011 കേസിന്റെ അന്വേഷണ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>ഗിരിജയുടെ കൊലപാതകം</u>

7869 ശ്രീ. റ്റി.എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ കുറ്റിച്ചൽ പഞ്ചായത്തിലെ മണ്ണൂർക്കര വില്ലേജിൽ കിഴക്കുംകര പുത്തൻവീട്ടിൽ ഗിരിജയുടെ കൊലപാതകം സംബന്ധിച്ച് നെയ്യാർഡാം പോലീസ് സ്റ്റേഷനിലെ ക്രൈം നമ്പർ 110/12-ാം കേസിന്റെ അന്വേഷണ പുരോഗതി വ്യക്തമാക്കുമോ;

(ബി) ഈ കേസിൽ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

<u>കിഴക്കേകോട്ട-ചാല-കിള്ളിപ്പാലം റോഡിലെ വൺവേ സംവിധാനം</u>

7870

**ശ്രീ. ജോസഫ് വാഴക്കൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിലെ കിഴക്കേകോട്ട-ചാല-കിള്ളിപ്പാലം റോഡിലെ വൺവേ സംവിധാനം താറുമാറായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പത്തുവർഷം മുൻപ് വരെ അഞ്ച് ട്രാഫിക് പോലീസിനെ ഡ്യൂട്ടിക്കിട്ടിരുന്ന പ്രസ്തുത ഭാഗത്ത് നിലവിൽ എത്ര പോലീസുകാരുടെ സേവനം ഉണ്ടെന്ന് വിശദമാക്കാമോ;

(സി) കിഴക്കേകോട്ട-ചാല-കിള്ളിപ്പാലം വൺവേ റോഡിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

വൈക്കത്തെ വാഹന പരിശോധന

7871 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഒരുവർഷത്തിനിടയിൽ വൈക്കം നിയോജകമണ്ഡല പരിധിയിലുള്ള പോലീസ് സ്റ്റേഷനുകളിൽ വാഹന പരിശോധനയുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ബി) വാഹന പരിശോധനയിൽ നിന്ന് എത്ര രൂപ പിഴ ഈടാക്കിയിട്ടുണ്ട് ;

(സി) വാഹന പരിശോധനയുടെ പേരിൽ പോലീസിനെതിരെ എന്തെങ്കിലും പരാതി ഉയർന്നിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

<u>കാസർഗോഡ് ജനറൽ ആശുപത്രിയിൽ ഹസീനയുടെ മരണം</u>

7872 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012 ജൂൺ മാസത്തിൽ കാസർഗോഡ് ജനറൽ ആശുപത്രിയിൽ ദുരൂഹ സാഹചര്യത്തിൽ മരണപ്പെട്ട ഹസീന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് അന്വേഷിക്കണമെന്നാവശ്യപ്പെട്ട് പരാതികൾ ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇതു സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>പോലീസ് പിടിച്ചെടുത്ത വാഹനങ്ങൾ</u>

7873 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ, കിളിമാനൂർ, കല്ലമ്പലം പോലീസ് സ്റ്റേഷനുകളുടെ പരിസരത്ത് വിവിധ കേസുകളുമായി ബന്ധപ്പെട്ട് പിടിക്കപ്പെട്ട വാഹനങ്ങൾ കൂട്ടിയിട്ടിരിക്കുന്നത് നീക്കം ചെയ്യുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ;

(ബി) പ്രസ്തുത വാഹനങ്ങൾ പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>പോലീസ് പിടിച്ചെടുത്ത വാഹനങ്ങൾ</u>

7874 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവിധ കേസുകളിലായി പോലീസ് പിടിച്ചെടുത്ത വാഹനങ്ങൾ കേസ് തീർപ്പാക്കുന്നതിലെ കാലതാമസം കാരണം നശിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഇത്തരം കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനോ വാഹനങ്ങൾ യഥാസമയം ലേലം ചെയ്ത് സർക്കാരിലേയ്ക്ക് മുതൽ കൂട്ടുന്നതിനോ ആവശ്യമായ നിയമനിർമ്മാണ നടപടികൾ സ്വീകരിക്കാമോ ;

(ബി) 2010-11, 2011-12 വർഷങ്ങളിൽ പ്രസ്തുത വിഭാഗത്തിൽ ഉള്ള കേസുകളിൽപ്പെട്ട എത്ര വാഹനങ്ങൾ പിടിച്ചെടുത്തിട്ടുണ്ടെന്നും അതിൽ എത്ര വാഹനങ്ങൾ ഉടമസ്ഥർക്ക് വിട്ടു നൽകിയിട്ടുണ്ടെന്നും ജില്ല തിരിച്ച് വകുപ്പടിസ്ഥാനത്തിൽ ലിസ്റ്റ് ലഭ്യമാക്കാമോ ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

<u>പോലീസ് സ്റ്റേഷൻ പരിസരത്ത് കെട്ടിക്കിടക്കുന്ന വാഹനങ്ങൾ</u>

7875 ശ്രീ. ജി.എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട പരവൂർ, പാരിപ്പള്ളി, ചാത്തന്നൂർ, കൊട്ടിയം, പൂയപ്പള്ളി എന്നീ പോലീസ് സ്റ്റേഷനുകളിൽ വിവിധ കേസുകളിൽ ഉൾപ്പെട്ട് പിടികൂടപ്പെട്ട എത്ര വാഹനങ്ങൾ സൂക്ഷിച്ചിട്ടുണ്ട് എന്ന വിവരം സ്റ്റേഷൻ തിരിച്ച് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത വാഹനങ്ങളിൽ മണൽ/മണ്ണ് നീക്കം ചെയ്യൽ ഉൾപ്പെടെയുള്ള കേസുകളിൽ ഉൾപ്പെട്ട വാഹനങ്ങൾ എത്ര; വിശദാംശം നൽകുമോ;

(സി) പ്രസ്തുത കേസുകളിൽ വാഹന ഉടമസ്ഥർ ഹാജരാകാത്തതും വാഹനം ആവശ്യപ്പെടാത്തതുമായ കേസുകൾ എത്ര; ഇത്തരത്തിലുള്ള വാഹനങ്ങൾ സ്റ്റേഷൻ പരിസരത്ത് നിന്നും ഒഴിവാക്കാൻ എന്തുനടപടിയാണ് സ്വീകരിക്കുന്നത്;

(ഡി) വിവിധ കേസുകളിൽ പിടികൂടപ്പെട്ട വാഹനങ്ങൾ സൂക്ഷിക്കുന്നതിനോ മാറ്റിയിടുന്നതിനോ സൗകര്യമില്ലാത്തതുമൂലം സ്റ്റേഷൻ അധികാരികൾക്കും പൊതുജനങ്ങൾക്കും ബുദ്ധിമുട്ട് ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തുനടപടിയാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

ചാക്ക - കഴക്കൂട്ടം ബൈപ്പാസിൽ കണ്ടെയിനർ ലോറികളുടെ പാർക്കിംഗ്

7876 ശ്രീമതി ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാക്ക - കഴക്കൂട്ടം ബൈപാസ് റോഡരികിൽ കണ്ടെയിനർ ലോറികൾ സ്ഥിരമായി പാർക്ക് ചെയ്യുന്നത് കാൽനടയാത്രക്കാരെയും വാഹന ഗതാഗതത്തേയും തടസ്സപ്പെടുത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ നടപടി സ്വീകരിക്കുമോ;

(ബി) ബസ്സ് സ്റ്റോപ്പുകളിലെ അനധികൃത പാർക്കിംഗിനെതിരെ സ്വീകരിക്കുന്ന നിയമ നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ ;

(സി) വെൺപാലവട്ടം, ആനയറ, കരിയ്ക്കകം ഭാഗങ്ങളിലെ ബസ്സ് സ്റ്റോപ്പുകളിലും സമീപപ്രദേശങ്ങളിലും പ്രസ്തുത വാഹനങ്ങൾ പാർക്ക് ചെയ്യുന്നത് തടയാൻ നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>ശ്രീമതി ഹുസൈഫാ ബീവിയുടെ പരാതിയിൻമേലുള്ള നടപടി</u>

7877 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചടയമംഗലം നിയോജകമണ്ഡലത്തിൽ കടയ്ക്കൽ പോലീസ് സ്റ്റേഷൻ പരിധിയിൽ താമസക്കാരിയായ ഹുസൈഫാ ബീവി എന്ന വൃദ്ധയുടെ സമാധാനപരമായ ജീവിതത്തിന് ഭംഗം വരുത്തരുതെന്നുള്ള ഹൈക്കോടതിയുടെ ഉത്തരവ് നിലവിലിരിക്കെ അവരുടെ വസതിയിൽ അതിക്രമിച്ചു കടന്നവർക്കെതിരെയും അക്രമികളിൽ നിന്നും സംരക്ഷണം തേടിക്കൊണ്ടും അവർ കടയ്ക്കൽ പോലീസിനും ഉയർന്ന പോലീസുദ്യോഗസ്ഥൻമാർക്കും സമർപ്പിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഇല്ലെങ്കിൽ ഹുസൈഫാ ബിവിയുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാൻ നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
# 23.07.2012–ലെ മറുപടിക്ക്

ശ്രീ. എൻ. രംഗനാഥന്റെ പരാതി

7878 ശ്രീമതി ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) **21.5.2011ൽ** തിരുവനന്തപുരം ട്രാഫിക് നോർത്ത് സി.ഐ.യ്ക്ക് ശ്രീ. എൻ. രംഗനാഥൻ എന്നയാൾ തന്റെ KL 01-AY/9634–ാം നമ്പർ ആക്ടീവ സ്കൂട്ടറിൽ തെറ്റായ ദിശയിൽ വന്ന KL-5E/3490–ാംനമ്പർ എൻഫീൽഡ് മോട്ടോർ സൈക്കിൾ ഇടിച്ച് കേടുപാടുകൾ വരുത്തിയത് സംബന്ധിച്ച് പരാതി നല്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത പരാതി സംബന്ധിച്ച് നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പരാതി സംബന്ധിച്ച് നാളിതുവരെ അന്വേഷണം നടത്തിയ ഉദ്യോഗസ്ഥരുടെ പേരു വിവരവും അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പും ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത പരാതിയിന്മേൽ എഫ്.ഐ.ആർ രജിസ്റ്റർ ചെയ്തിട്ടുണ്ടോ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>നാദാപുരത്തെ തെരുവൻ പറമ്പിൽ നബീസുവിന്റെ പരാതി</u>

7879 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാദാപുരത്തെ തെരുവൻപറമ്പിൽ നബീസു എന്നയാളുടെ പരാതിയിന്മേൽ എടുത്ത കേസ് നിലവിലുണ്ടോ;

(ബി) ഏതെല്ലാം വകുപ്പുകൾ പ്രകാരമായിരുന്നു കേസ്;

(സി) പ്രസ്തുത കേസിൽ എത്ര സാക്ഷികളുണ്ടായിരുന്നു;

(ഡി) കൂറുമാറിയ സാക്ഷികൾ ആരെല്ലാമാണ്?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

<u>പോലീസ് കാന്റീൻ</u>

7880 ശ്രീ. ജി.എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസ് വകുപ്പിൽ പുതുതായി ആരംഭിച്ച കാന്റീൻ സൗകര്യം ഏതൊക്കെ വിഭാഗം ജീവനക്കാർക്കാണ് അനുവദിച്ചിട്ടുളളതെന്ന് അറിയിക്കുമോ;

(ബി) പോലീസ് വകുപ്പിലെ ജീവനക്കാരെ കൂടാതെ മറ്റേതെങ്കിലും വകുപ്പിലേയോ, മറ്റ് കേന്ദ്ര സർവ്വീസിലെ ജീവനക്കാർക്കോ മേൽപ്പറഞ്ഞ കാന്റീൻ സൗകര്യം ലഭ്യമാക്കിയിട്ടുണ്ടോ;

(സി) പോലീസ് വകുപ്പിൽ ഏതൊക്കെ വിഭാഗം ജീവനക്കാർക്കാണ് കാന്റീൻ സൗകര്യം നിഷേധിച്ചിട്ടുളളതെന്ന് അറിയിക്കുമോ; എങ്കിൽ എന്ത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് ഇവരെ ഒഴിവാക്കിയിട്ടുളളതെന്ന് വ്യക്തമാക്കുമോ;

(ഡി) ആനുകൂല്യങ്ങൾ നിഷേധിക്കപ്പെട്ട ക്യാമ്പ് ഫോളോവർമാർക്കും, മറ്റ് മിനിസ്റ്റീരിയൽ ജീവനക്കാർക്കും കൂടി കാന്റീൻ സൗകര്യം ലഭ്യമാക്കി സാമാന്യ നീതി ഉറപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 23.07.2012–ലെ മറുപടിക്ക്

<u>കൊട്ടാരക്കര റൂറൽ എസ്. പി. ഓഫീസിന് കെട്ടിടം</u>

7881

ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര റൂറൽ എസ്. പി. ഓഫീസിന് കെട്ടിടം നിർമ്മിക്കാൻ ആഭ്യന്തര വകുപ്പിൽ നിന്ന് എത്ര തുക അനുവദിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത കെട്ടിട നിർമ്മാണത്തിന്റെ എസ്റ്റിമേറ്റും പ്ലാനും ലഭ്യമാക്കുമോ; എസ്റ്റിമേറ്റ് തയ്യാർ ചെയ്ത ഏജൻസി ഏതാണ്;

(ഡി) കെട്ടിടം നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>കൊടുവള്ളി പോലീസ് സ്റ്റേഷനിലേയ്ക്കുള്ള റോഡു നിര്‍മ്മാണം</u>

7882 ശ്രീ. വി.എം. ഉമ്മര്‍ മാസ്റ്റര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കൊടുവള്ളിയില്‍ പണി പൂര്‍ത്തിയായ പോലീസ് സ്റ്റേഷന്‍ കെട്ടിടത്തിലേക്ക് റോഡ് സൗകര്യം ഇല്ലെന്ന വിവരം ശ്രദ്ധയില്‍പെട്ടിട്ടുണ്ടോ;

(ബി) റോഡ് നിര്‍മ്മിക്കുവാന്‍ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ബ്ലോക്ക് പഞ്ചായത്തിന്റെ കൈവശമുള്ള ഭൂമിയില്‍ക്കൂടി റോഡ് നിര്‍മ്മിക്കുന്നതിന് പ്രസ്തുത വകുപ്പുമായി കൂടിയാലോചിച്ച് ആവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 23.07.2012–ലെ മറുപടിക്ക്

<u>ആയൂരിൽ പോലീസ് സ്റ്റേഷൻ</u>

7883 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ എവിടെയൊക്കെയാണ് പുതുതായി പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പുനലൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട ആയൂരിൽ പോലീസ് സ്റ്റേഷൻ സ്ഥാപിക്കണം എന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത സ്ഥലത്ത് പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

കൊടുവള്ളി പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം

7884 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി പോലീസ് സ്റ്റേഷന്റെ പുതിയ കെട്ടിടം പൂർത്തിയായിട്ടുണ്ടോ ;

(ബി) എന്നാണ് ഇതിന്റെ നിർമ്മാണ ജോലി ടെണ്ടർ ചെയ്തത് ;

(സി) നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കി എന്ന് ഇതിന്റെ പ്രവർത്തനം ആരംഭിക്കാൻ സാധിക്കും ; വ്യക്തമാക്കുമോ

(ഡി) നിലവിലുള്ള വാടക കെട്ടിടത്തിന് വാടക എത്രയാണ് ;

(ഇ) ഇതിനായി നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ടോ ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>ആയഞ്ചേരിയിൽ പോലീസ് സ്റ്റേഷൻ</u>

7885 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വടകര റൂറൽ പോലീസിന്റെ പരിധിയിൽപ്പെട്ട ആയഞ്ചേരിയിൽ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

<u>പുളിക്കീഴ് പോലീസ് സ്റ്റേഷൻ കെട്ടിടം</u>

7886 ശ്രീ. മാത്യൂ റ്റി. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവല്ല നിയോജക മണ്ഡലത്തിലെ പുളിക്കീഴ് പോലീസ് സ്റ്റേഷൻ കെട്ടിടത്തിന്റെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പുതിയ പോലീസ് സ്റ്റേഷനു വേണ്ടി ട്രാവൻകൂർ ഷുഗേഴ്സ് & കെമിക്കൽസിന്റെ വക സ്ഥലം ലഭ്യമാക്കുന്നത് സംബന്ധിച്ചുള്ള നടപടി ഏതുവരെയായെന്ന് വിശദമാക്കുമോ;

(സി) ഇതു സംബന്ധിച്ച ഫയൽ നമ്പർ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>ആഭ്യന്തര വകുപ്പിന് കീഴിൽ കൗൺസലിംഗ് കേന്ദ്രങ്ങൾ</u>

7887 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവാഹമോചനകേസുമായി പോലീസ് സ്റ്റേഷനുകളിൽ എത്തുന്ന ദമ്പതിമാർക്ക് ആഭ്യന്തര വകുപ്പിനു കീഴിൽ കൗൺസലിംഗ് കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് പോലീസ് ഉന്നതതല യോഗത്തിൽ തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ പോലീസ് സേനാംഗങ്ങളിൽ വർദ്ധിച്ചുവരുന്ന മാനസിക സംഘർഷം കണക്കിലെടുത്ത് അവർക്ക് കൂടി പ്രസ്തുത കൗൺസലിംഗ് കേന്ദ്രങ്ങളുടെ പ്രയോജനം ലഭ്യമാക്കുമോ;

(സി) പ്രസ്തുത കൗൺസലിംഗ് കേന്ദ്രങ്ങളിൽ പോലീസ് സേനയിലെ എം.എസ്. ഡബ്ല്യു, പി. ജി ഡിപ്ലോമ ഇൻ കൗൺസലിംഗ് തുടങ്ങിയ യോഗ്യതയുള്ള ഉദ്യോഗസ്ഥരെ തസ്തികമാറ്റം വഴി നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>സബ് ഇൻസ്പെക്ടർമാരുടെ ജോലിഭാരം</u>

7888 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പോലീസ് സബ് ഇൻസ്പെക്ടർമാരുടെ ജോലിഭാരം സംബന്ധിച്ച് എന്തെങ്കിലും പഠനം നടന്നിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം അറിയിക്കാമോ;

(സി) കഴിഞ്ഞ ശമ്പളപരിഷ്കരണത്തിൽ 20% എസ്.ഐ.മാർക്ക് ഹയർ ഗ്രേഡ് അനുവദിക്കാൻ ശുപാർശ ചെയ്യപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ പ്രസ്തുത ശുപാർശ നടപ്പിലാക്കിയിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്നും പ്രസ്തുത ശുപാർശ എന്ന് നടപ്പിലാക്കാൻ സാധിക്കുമെന്നും അറിയിക്കാമോ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

## പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസർ

7889 ശ്രീ. വി.ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാഷണൽ പോലീസ് കമ്മീഷൻ 7-ാം റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും സുപ്രീം കോടതിവിധിയുടെ അടിസ്ഥാനത്തിലും ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ ക്രൈം കേസിന്റെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസർ (എസ്.എച്ച്.ഒ.) ചുമതല വഹിച്ചുവരുന്നത് ഇൻസ്പെക്ടർ റാങ്കിലുള്ള ഉദ്യോഗസ്ഥൻ ആയിരിക്കെ, കേരളത്തിൽ മാത്രം ഇതിനുള്ള നടപടികൾ സ്വീകരിക്കാത്തത് എന്തുകൊണ്ടെന്ന് വിശദമാക്കുമോ;

(ബി) ക്രമസമാധാന പാലനവും ക്രൈം ഇൻവെസ്റ്റിഗേഷനും രണ്ടായി തിരിക്കുന്നതിലൂടെയും ഗ്രേഡ് സബ് ഇൻസ്പെക്ടർമാരുടെ നിയമനത്തിലൂടെയും പോലീസ് സ്റ്റേഷനുകളിൽ സബ് ഇൻസ്പെക്ടർമാരുടെ എണ്ണത്തിലും ക്രൈം കേസുകളുടെ എണ്ണത്തിലും വർദ്ധനവ് ഉള്ളതിനാലും സ്റ്റേഷൻ ഹൗസ് ഓഫീസർ ചുമതല വഹിക്കുന്നത് ഇൻസ്പെക്ടർ റാങ്കിലുള്ള ഉദ്യോഗസ്ഥൻ ആകണമെന്നത് അനിവാര്യമായിരിക്കെ ആയതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>സ്റ്റേഷൻ ഹൗസ് ഓഫീസർമാരുടെ ജോലിഭാരവും ആനുകൂല്യങ്ങളും</u>

7890 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള പോലീസിൽ എസ്.ഐ.മാരിൽ എസ്.എച്ച്.ഒ. (സ്റ്റേഷൻ ഹൗസ് ഓഫീസർ)മാരായി പ്രവർത്തിക്കുന്ന എത്ര പേരുണ്ട് ;

(ബി) എസ്.ഐ.മാരിൽനിന്നും എസ്.എച്ച്.ഒ.മാരെ നിയമിക്കുന്നതിനുള്ള മാനദണ്ഡം എന്തൊക്കെയാണ് ;

(സി) എസ്.എച്ച്.ഒ.മാർക്ക് ലഭിക്കുന്ന അധിക ആനുകൂല്യങ്ങൾ എന്തൊക്കെയാണ് ;

(ഡി) പ്രസ്തുത വിഭാഗം ജീവനക്കാരുടെ ജോലിഭാരം കണക്കിലെടുക്കുമ്പോൾ നല്കുന്ന ആനുകൂല്യം തീർത്തും പരിമിതമാണന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ എസ്.എച്ച്.ഒ.മാരുടെ ആനുകൂല്യം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

ക്യാമ്പ് ഫോളോവേഴ്സിന് അംഗത്വ കാർഡ്

7891 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതുതായി ആരംഭിച്ച സെൻട്രൽ പോലീസ് ക്യാന്റീനിൽ ക്യാമ്പ് ഫോളോവേഴ്സിന് അംഗത്വകാർഡ് അനുവദിക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇത് നടപ്പിലാക്കുമോ ;

(സി) പ്രസ്തുത പ്രഖ്യാപനം നടപ്പിലാക്കാൻ സാധിക്കില്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

## ക്യാമ്പ് ഫോളോവർമാരുടെ നിയമനം

7892 ശ്രീ. എ.റ്റി ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം സിറ്റി പോലീസ് യൂണിറ്റിലെ ക്യാമ്പ് ഫോളോവർമാരുടെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനത്തിൽ ഉദ്യോഗാർത്ഥികൾക്ക് എക്സ്പീരിയൻസ് ഇല്ലാത്തതു മൂലം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവ പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) നിയമനത്തിനായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്ന് എക്സ്പീരിയൻസ് ഉള്ളവരുടെ ലിസ്റ്റ് ആവശ്യപ്പെടുമോ;

(ഡി) ക്യാമ്പ് ഫോളോവർമാരുടെ നിയമനത്തിന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് നൽകുന്ന ലിസ്റ്റിൽ നിന്നും എക്സ്പീരിയൻസ് ഉള്ളവരെ മാത്രം ഉൾപ്പെടുത്തി നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

<u>പോലീസ് വകുപ്പിലെ ക്യാമ്പ് ഫോളോവേഴ്സ്</u>

7893 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസ് വകുപ്പിൽ ഇപ്പോൾ എത്ര ക്യാമ്പ് ഫോളോവേഴ്സ് ആണ് ഉള്ളത്;

(ബി) ക്യാമ്പ് ഫോളോവേഴ്സിനെ എന്തെല്ലാം ജോലികൾക്കാണ് നിയോഗിക്കുന്നത്; സംസ്ഥാനത്ത് എവിടെയെല്ലാമാണ് ഇവർ ഇപ്പോൾ ജോലി ചെയ്യുന്നത്;

(സി) പോലീസ് ഓഫീസർമാരുടെ വീട്ടിൽ ക്യാമ്പ് ഫോളോവേഴ്സിനെ ജോലിക്ക് നിയോഗിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം ഓഫീസർമാരുടെ വീട്ടിലാണ് ഇവർ ജോലി ചെയ്യുന്നതായി കണ്ടെത്തിയിട്ടുള്ളത്;

(ഡി) ഓഫീസർമാരുടെ വീട്ടിൽ ക്യാമ്പ് ഫോളോവേഴ്സിനെ ജോലിക്ക് നിയോഗിക്കുന്നത് നിരോധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) ക്യാമ്പ് ഫോളോവേഴ്സിന്റെ ശമ്പളഘടന വ്യക്തമാക്കുമോ;

(എഫ്) ഇവർക്ക് വകുപ്പിൽ എന്തെങ്കിലും പ്രൊമോഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ടോ;

(ജി) ഇവരെ വകുപ്പിലെ ജീവനക്കാരായി അംഗീകരിക്കുമോ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>വനിതാ പോലീസുകാരുടെ സ്ഥലംമാറ്റ സീനിയോറിറ്റി ലിസ്റ്റ്</u>

7894 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വിവിധ ബറ്റാലിയനുകളിലെ അംഗബലത്തിൽ ഉൾപ്പെട്ടതും വിവിധ ജില്ലാ സായുധ റിസർവ്വുകളിലേക്ക് ട്രാൻസ്ഫർ ചെയ്യപ്പെട്ട് ലോക്കൽ പോലീസിൽ അറ്റാച്ച് ചെയ്ത് ജോലി നോക്കി വരുന്നതുമായ വനിതാ പോലീസുകാരെ തിരുവനന്തപുരം സിറ്റി എ. ആറിലേയ്ക്കുള്ള അന്തർ ജില്ലാ സ്ഥലംമാറ്റ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>പോലീസ് ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റം</u>

7895 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012 ജൂൺ 30 വരെയുള്ള 10 വർഷക്കാലയളവിൽ കൊല്ലം എ.ആർ. ക്യാമ്പിൽ നിന്നുള്ള എത്ര പോലീസ് ഉദ്യോഗസ്ഥർ ലോക്കൽ പോലീസിലേയ്ക്ക് നിയമിക്കപ്പെട്ടിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൻ പ്രകാരം പ്രസ്തുത കാലയളവിൽ മറ്റു ജില്ലകളിൽ നിന്നും കൊല്ലം ജില്ലയിലേയ്ക്ക് അന്തർ ജില്ലാ സ്ഥലംമാറ്റം വഴി എത്ര പോലീസ് ഉദ്യോഗസ്ഥർ ജോലിയിൽ പ്രവേശിച്ചിട്ടുണ്ട് ;

(സി) അന്തർ ജില്ലാ സ്ഥലംമാറ്റങ്ങൾ വേഗത്തിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

<u>പോലീസ് വകുപ്പിൽ മിശ്ര വിവാഹതിർക്കുളള ആനുകൂല്യം</u>

7896 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മിശ്രവിവാഹിതരായ സർക്കാർ ജീവനക്കാർക്ക് ജില്ലാന്തര സ്ഥലം മാറ്റങ്ങൾക്ക് നൽകുന്ന പരിഗണന ഇപ്രകാരമുളള പോലീസ് ഉദ്യോഗസ്ഥർക്ക് നൽകുന്നില്ല എന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; പോലീസ് ഉദ്യോഗസ്ഥർക്ക് പ്രസ്തുത ആനുകൂല്യം നൽകാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; പോലീസ് ഉദ്യോഗസ്ഥരെ മിശ്രവിവാഹതർക്കുളള ആനുകൂല്യങ്ങൾ ലഭിക്കുന്നതിൽ നിന്നും വിലക്കിക്കൊണ്ടും ട്രാൻസ്ഫർ പോലുളള വിഷയങ്ങളിൽ ഇവരെ ഒഴിവാക്കിക്കൊണ്ടും എന്തെങ്കിലും ഉത്തരവുകൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) മിശ്ര വിവാഹിതരായ സർക്കാർ ഉദ്യോഗസ്ഥർക്ക് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ആനുകൂല്യങ്ങൾ പോലീസ് വകുപ്പിനും ബാധകമാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>നോൺ ഐ.പി.എസ്. എസ്.പി. മാരുടെ ഒഴിവുകൾ</u>

7897 ശ്രീ. വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോലീസ് വകുപ്പിൽ നോൺ ഐ.പി.എസ്. മാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട് ; വിശദമാക്കുമോ ;

(ബി) ഈ ഒഴിവുകളിലേയ്ക്ക് സ്ഥാനക്കയറ്റം നടത്തുന്നതിന് ഡി.പി.സി. കൂടി ഡി.വൈ.എസ്.പി മാർക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടോ ; വിശദമാക്കുമോ;

(സി) എസ്.പി., നോൺ ഐ.പി.എസ്. തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ നികത്തുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>മൗണ്ടഡ് പോലീസ്, ആർമർ പോലീസ് കോൺസ്റ്റബിൾമാരുടെ ഒഴിവുകൾ</u>

7898

ശ്രീ. എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുടെ കീഴിലുള്ള മൗണ്ടഡ് പോലീസ്, ആർമർ പോലീസ് വിഭാഗങ്ങളിൽ എത്ര കോൺസ്റ്റബിൾമാരുടെ ഒഴിവുകൾ നിലവിലുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) 2012 മാർച്ചിൽ ഈ ഓരോ തസ്തികകളിലും എത്ര ഒഴിവുകൾ ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത തസ്തികകളുടെ യോഗ്യതകൾ എന്തെല്ലാമാണെന്നറിയിക്കുമോ;

(ഡി) പ്രസ്തുത ഒഴിവുകൾ സംബന്ധിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾക്ക് അറിയിപ്പ് നല്കിയിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ കാലതാമസം ഒഴിവാക്കി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തുവാൻ ആവശ്യമായ നടപടി കൈക്കൊള്ളുമോ;

(എഫ്) പരിചയ സർട്ടിഫിക്കറ്റ് ഉള്ളവർക്ക് മുൻഗണന നല്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>പോലീസ് വകുപ്പിൽ ഡ്രൈവർമാരുടെ ഒഴിവുകൾ</u>

7899 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസ് വകുപ്പിൽ നിലവിലുള്ള ഡ്രൈവർമാരുടെ ഒഴിവുകൾ ജില്ല തിരിച്ചു വ്യക്തമാക്കുമോ ;

(ബി) ഡ്രൈവർമാരുടെ നിയമനം പി.എസ്.സി. ക്കു വിട്ടതിനുശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയോ കാറ്റഗറി മാറ്റം വഴിയോ നിയമനം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഓരോ ജില്ലയിലെയും ഇപ്രകാരമുള്ള നിയമനം സംബന്ധിച്ച വിവരം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

<u>തിരുവനന്തപുരം സിറ്റി എ.ആറിലേക്ക് അന്തർജില്ലാ സ്ഥലം മാറ്റം</u>

7900

## ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം സിറ്റി എ.ആറിലേക്ക് അന്തർ ജില്ലാ സ്ഥലംമാറ്റം അനുവദിക്കപ്പെടുന്ന പോലീസുകാർക്ക് തിരുവനന്തപുരത്ത് ജോയിൻ ചെയ്യുന്നതിന് നിശ്ചിത സമയപരിധിയില്ല എന്നുള്ളത് ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ്; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) 30.06.2012 വരെ തിരുവനന്തപുരം സിറ്റി എ.ആറിലേക്ക് അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കപ്പെട്ട പോലീസുകാരിൽ 19 പേർ, ജോയിൻ ചെയ്യുന്നതിന് നിശ്ചിത സമയപരിധിയില്ലാത്തതിനാൽ ഇതുവരേയും തിരുവനന്തപുരം സിറ്റി എ.ആറിൽ ജോയിൻ ചെയ്തിട്ടില്ലായെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത അപാകത തിരുവനന്തപുരം സിറ്റി എ.ആറിൽ ജോയിൻ ചെയ്യാൻ തയ്യാറായിട്ടുള്ള അന്തർജില്ലാ സ്ഥലംമാറ്റ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള പോലീസുകാരുടെ സ്വന്തം ജില്ലയിലെ സർവീസ്, പ്രൊമോഷൻ സാദ്ധ്യതകൾ തുടങ്ങിയവയെ ബാധിക്കുന്നു എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ അപാകത പരിഹരിക്കുന്നതിനായി, അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കപ്പെടുന്നവർക്ക് ജോയിൻ ചെയ്യുന്നതിനുള്ള സമയപരിധി നിശ്ചയിക്കുമോ; ഇതുവരെ ജോയിൻ ചെയ്യാത്ത 19 പോലീസുകാരോട് ജോയിൻ ചെയ്യുന്നുണ്ടോ എന്ന് ആരായുകയും ഇല്ല എന്ന് അറിയിക്കുന്നവർക്ക് പകരം ലിസ്റ്റിലുള്ള അടുത്ത ഉദ്യോഗസ്ഥർക്ക് അന്തർജില്ലാ സ്ഥലംമാറ്റം അനുവദിക്കുകയും ചെയ്യുമോ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

**എ. ആർ. ബറ്റാലിയനിലേക്കുള്ള അന്തർ ജില്ലാ സ്ഥലംമാറ്റത്തിലെ അപാകതകൾ**

7901 ശ്രീ. വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം സിറ്റി എ.ആർ ലേക്കുള്ള അന്തർ ജില്ലാ സ്ഥലം മാറ്റത്തിന് തിരുവനന്തപുരം സിറ്റി (എ.ആർ) ൽ ഉണ്ടാകുന്ന ഒഴിവുകളുടെ 10% ത്തിന് പകരം എസ്.എ.പി യിൽ നിന്നും സിറ്റി എ.ആർ ലേക്ക് ട്രാൻസ്ഫർ ആകുന്ന പോലീസുകാരുടെ എണ്ണത്തിന്റെ 10% ആണ് പരിഗണിക്കുന്നത് എന്ന അപാകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സിറ്റി എ.ആർ ൽ ഉണ്ടാകുന്ന ഓരോ 10 ഒഴിവുകളിലേക്കും നിയമാനുസരണം എസ്.എ.പി യിൽ നിന്നും 9 പോലീസുകാർ സിറ്റി എ.ആർ ലേക്ക് ട്രാൻസ്ഫർ ആകുമ്പോഴും പത്താമനായി അന്തർ ജില്ലാ സ്ഥലംമാറ്റ ലിസ്റ്റിലുള്ള ആൾക്ക് ട്രാൻസ്ഫർ നൽകാൻ സാധിക്കാറുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) 2000-2011 കാലയളവിൽ എസ്.എ.പി യിൽ നിന്നും 2550 പേർ സിറ്റി എ.ആർ ലേക്ക് ട്രാൻസ്ഫർ ആകുകയും അതിന്റെ 10 % ആയ 254 പേർക്ക് അന്തർ ജില്ലാ സ്ഥലം മാറ്റം നൽകുയും ചെയ്തപ്പോൾ ഉണ്ടായ 2804 ഒഴിവിൽ 280 പേർക്ക് അന്തർ ജില്ലാ സ്ഥലം മാറ്റം നൽകുന്നതിന് പകരം 254 പേർക്ക് മാത്രം സ്ഥലം മാറ്റം നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ബാക്കിയുള്ള 26 പേർക്കു കൂടി നിലവിലുള്ള അന്തർ ജില്ലാ സ്ഥലംമാറ്റ ലിസ്റ്റിൽ നിന്നും ട്രാൻസ്ഫർ അനുവദിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

<u>പോലീസുകാരുടെ സ്ഥലം മാറ്റം</u>

7902 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2002 മുതൽ 2007 വരെ തിരുവനന്തപുരം എസ്.എ.പി യിൽ നിന്നും തിരുവനന്തപുരം സിറ്റി എ.ആറിലേക്ക് ട്രാൻസ്ഫർ ആയ 361 വനിതാ പോലീസുകാരുടെ എണ്ണത്തിന് ആനുപാതികമായി അന്തർ ജില്ലാ സ്ഥലംമാറ്റ ലിസ്റ്റിൽ നിന്നും ഒരാൾക്കു പോലും സ്ഥലംമാറ്റം നൽകാതിരുന്നത് ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ്; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) എസ്.എ.പി യിൽ നിന്നും പുരുഷ പോലീസുകാർ തിരുവനന്തപുരം സിറ്റി എ.ആറിലേക്ക് ട്രാൻസ്ഫർ ആകുന്ന മുറയ്ക്ക് ട്രാൻസ്ഫർ നൽകുന്ന അന്തർ ജില്ലാ സ്ഥലം മാറ്റലിസ്റ്റിൽ സ്ത്രീ-പുരുഷ ഭേദമന്യേ പോലീസുകാരെ ഉൾപ്പെടുത്തിവരവെ 2002-07 കാലയളവിൽ 361 വനിതാ പോലീസുകാർ എസ്.എ.പി യിൽ നിന്നും തിരുവനന്തപുരം സിറ്റി എ.ആറിലേക്ക് ട്രാൻസ്ഫർ ആയ വേളയിൽ ഒരാൾക്കു പോലും അന്തർ ജില്ലാ സ്ഥലം മാറ്റം നൽകാതിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(സി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് നിലവിലുള്ള അന്തർജില്ലാ സ്ഥലം മാറ്റ ലിസ്റ്റിൽ നിന്നും 36 പോലീസുകാർക്ക് സ്ഥലം മാറ്റം നൽകുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

വെട്ടിക്കുറച്ച തസ്തികകൾ പുനഃസ്ഥാപിക്കാൻ നടപടി

7903 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള തസ്തികകൾ വെട്ടിക്കുറച്ച ഫയർ & റെസ്ക്യൂ സ്റ്റേഷനുകളിൽ പ്രസ്തുത തസ്തികകൾ പുനഃസ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ആയത് എന്ന് പ്രാബല്യത്തിൽ വരുത്തുവാനാണ് ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>വടക്കഞ്ചേരി ഫയർ സ്റ്റേഷന് കെട്ടിടം</u>

7904 ശ്രീ. എ.കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തരൂർ മണ്ഡലത്തിലെ വടക്കഞ്ചേരി ഫയർ സ്റ്റേഷന്റെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) വടക്കഞ്ചേരി ഫയർ സ്റ്റേഷന്റെ പുതിയ കെട്ടിട നിർമ്മാണം ഏത് ഘട്ടത്തിലാണ്; കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; എത്ര രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചിട്ടുളളത്; ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ തുക എത്രയെന്ന് വ്യക്തമാക്കുമോ;

(സി) കെട്ടിട നിർമ്മാണത്തിന് വടക്കഞ്ചേരി കെ.എസ്.ആർ.റ്റി.സി സ്ഥലം ആവശ്യപ്പെട്ടതിന്മേൽ ഏന്ത് നടപടിയാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത്?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>മഞ്ചേരി ഫയർ സ്റ്റേഷന്റെ പ്രോജക്ട് റിപ്പോർട്ട്</u>

7905 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ ;

(ബി) ഡി. പി. ആർ. ആവശ്യപ്പെട്ടുകൊണ്ട് ആഭ്യന്തര വകുപ്പിൽ നിന്നും കമാണ്ടന്റ് ജനറൽ കത്ത് നൽകിയിട്ടുണ്ടോ ;

(സി) പ്രസ്തുത കത്തിന് മറുപടിയായി പ്രോജക്ട് റിപ്പോർട്ട് ഇനിയും ലഭ്യമായിട്ടില്ലെങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ ;

(ഡി) ഫയർ സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനം എന്ന് ആരംഭിക്കാൻ കഴിയും ; വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 23.07.2012–ലെ മറുപടിക്ക്

<u>ഓപ്പറേഷൻ ഗ്രാമം – വിജിലൻസ് റെയ്ഡ്</u>

T7906 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

'ഓപ്പറേഷൻ ഗ്രാമം' റെയ്ഡുകൾ ഗ്രാമപഞ്ചായത്തുകളിൽ സമയബന്ധിതമായി സംസ്ഥാന വ്യാപകമായി നടത്തുവാനും പഞ്ചായത്തുകളിലെ അഴിമതി കർശനമായി തടയുന്നതിനും നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 23.07.2012–ലെ മറുപടിക്ക്

<u>വിജിലൻസ് കണ്ടെത്തിയ കൈക്കൂലി കേസുകൾ</u>

7907 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര ജീവനക്കാർ കൈക്കൂലി കേസിൽ വിജിലൻസിന്റെ പിടിയിലായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവരിൽ എത്ര പേർ ശിക്ഷിക്കപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) കൈക്കൂലി വാങ്ങിയതിന്റെ പേരിൽ എത്ര പേരെ ജോലിയിൽ നിന്ന് പിരിച്ച് വിട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) എത്ര കൈക്കൂലി കേസുകൾ നിലവിൽ കോടതിയുടെ പരിഗണനയിലുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) കൈക്കൂലി കേസിൽ എത്ര പേരെ വെറുതെ വിട്ടിട്ടുണ്ടെന്ന്
വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>വിജിലൻസ് കേസുകളിൽ അന്വേഷണം നേരിടുന്ന ഉദ്യോഗസ്ഥരുടെ എണ്ണം സംബന്ധിച്ച വിശദാംശം</u>

7908 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിജിലൻസ് കേസുകളിൽ അന്വേഷണം നേരിടുന്ന ഉദ്യോഗസ്ഥരുടെ എണ്ണം സംബന്ധിച്ച വിശദാംശം ജില്ല തിരിച്ച് നൽകാമോ ;

(ബി) വിജിലൻസ് കേസുകളുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിൽ കാലതാമസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയി ട്ടുളളത് ; വിശദാംശം നൽകാമോ ;

(സി) അന്വേഷണം നേരിടുന്നതും സസ്പെൻഷനിലുളളവരുമായ ഉദ്യോഗസ്ഥരെ തിരികെ ജോലിയിൽ പ്രവേശിപ്പിക്കുന്നതിന് മാനദണ്ഡം ഏർപ്പെടുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ഡി)

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>തിരുവല്ലയിലെ കെ. എസ്. ആർ. ടി. സി. ബസ് സ്റ്റേഷൻ കം ഷോപ്പിംഗ് കോംപ്ലക്സ്</u>

7909 ശ്രീ. മാത്യു. റ്റി. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവല്ലയിലെ കെ. എസ്. ആർ. ടി. സി. ബസ് സ്റ്റേഷൻ കം ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണം സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ; ആരുടെ പേരിലാണ് പരാതി ലഭിച്ചിരിക്കുന്നത്;

(ബി) പ്രസ്തുത പരാതിയിന്മേൽ വിജിലൻസ് അന്വേഷണം നടത്തുന്നുണ്ടോ

(സി) പരാതിക്കാരനായ സിജു ജേക്കബ് താൻ പരാതി അയച്ചിട്ടില്ല എന്ന് വിജിലൻസ് ഉദ്യോഗസ്ഥർക്ക് മൊഴി നൽകിയിട്ടുണ്ടോ;

(ഡി) ഇപ്രകാരം മൊഴി നൽകിയതിനുശേഷം പ്രസ്തുത പരാതിയിന്മേൽ അന്വേഷണം തുടരുന്നുണ്ടോയെന്നറിയിക്കുമോ?

## കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

വിജിലൻസ് പരിശോധന

7910

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാന പോലീസ് വകുപ്പിലെ മോട്ടോർ വാഹന വിഭാഗം ഓഫീസുകളിൽ എത്ര വിജിലൻസ് പരിശോധനകൾ നടന്നു എന്ന് വ്യക്തമാക്കാമോ;

(ബി) അവസാനമായി പരിശോധന നടന്നത് എന്നാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പരിശോധനയിലെ കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ;

(ഡി) ഈ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

<u>തടവുകാർക്ക് സൗജന്യ നിയമസഹായം</u>

7911 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജയിൽ ശിക്ഷ അനുഭവിക്കുന്ന തടവുകാർക്ക് സൗജന്യ നിയമസഹായം ലഭിക്കണമെങ്കിൽ അഭിഭാഷകനുമായി കൂടിക്കാഴ്ചയ്ക്ക് അവസരമുണ്ടാക്കണമെന്ന ഹൈക്കോടതി നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത നിർദ്ദേശം നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ജയിൽ നിയമം അനുശാസിക്കുന്ന രീതിയിൽ മനഃപരിവർത്തനത്തിലൂടെ ശിക്ഷാ തടവുകാരെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ഡി) ജയിൽ ശിക്ഷ അനുഭവിക്കുന്ന ചില തടവുകാരുടെ ഭാര്യമാരെ ജയിൽ ഡ്യൂട്ടിയിലുള്ള പോലീസുകാർ പ്രലോഭിപ്പിച്ച് ചൂഷണം ചെയ്യുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ അടുത്ത സമയത്ത് തിരുവനന്തപുരം സെൻട്രൽ ജയിലിലെ തടവുകാരന്റെ ഭാര്യയുമായി ഒളിച്ചോടിയ പോലീസുകാരനെ അച്ചടക്ക നടപടിയിൽ നിന്നും ഒഴിവാക്കിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത്തരത്തിലുള്ള പോലീസുകാരെയും ഇവർക്ക് ഒത്താശ ചെയ്യുന്ന ഉദ്യോഗസ്ഥർക്കെതിരെയും സർക്കാർ എന്തൊക്കെ കർശന അച്ചടക്ക നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ;

(ഇ) ഇത്തരം അച്ചടക്ക ലംഘനം നടത്തുന്ന പോലീസുകാർക്കെതിരെയും അതിന് കൂട്ടുനില്ക്കുന്ന മറ്റ് ഉദ്യോഗസ്ഥർക്കെതിരെയും എന്തൊക്കെ ശിക്ഷാ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 23.07.2012-ലെ മറുപടിക്ക്

<u>ശിക്ഷ കാലാവധി കഴിഞ്ഞ തടവുകൾ</u>

7912 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശിക്ഷാ കാലാവധി കഴിഞ്ഞിട്ടും നിയമത്തിലെ നൂലാമാലകൾ കാരണം നിരവധി തടവുകാർ ജയിലിൽ തുടരുന്ന സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കൂട്ടരുടെ മോചനം സാദ്ധ്യമാക്കുന്നതിനായി ജയിൽ നിയമം പരിഷ്ക്കരിക്കുമോ ?

# കേരള നിയമസഭ
# 23.07.2012-ലെ മറുപടിക്ക്

<u>ജയിലുകളിലെ വനിതാ വാർഡൻമാർ</u>

7913 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജയിലുകളിലെ വനിതാ സെല്ലുകളിൽ മതിയായ വനിതാ വാർഡൻമാരില്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത കുറവ് അടിയന്തിരമായി പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) വനിതാ വാർഡൻമാരുടെ കുറവു പരിഹരിക്കുവാൻ കണ്ടിജന്റ് ജീവനക്കാരെ താൽക്കാലികമായി നിയമിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നറിയിക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
2012 ജൂലൈ 14.

പി. കെ. മുരളീധരൻ,
സെക്രട്ടറി - ഇൻ - ചാർജ്

"T" ഇന്നത്തേയ്ക്ക് മാറ്റിയ ചോദ്യത്തെ സൂചിപ്പിക്കുന്നു.